©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ
# (FIFTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി XI
## (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
## (FOOD, CIVIL SUPPLIES AND CO-OPERATION)

### പീരിയോഡിക്കൽ റിപ്പോർട്ട്
### (2023 മാർച്ച് 31 വരെയുള്ളത്)

### (PERIODICAL REPORT AS ON 31st MARCH, 2023)

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്]**

**[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

2023 സെപ്റ്റംബർ 13-ാം തീയതി സമർപ്പിച്ചത്
(Presented on 13th September, 2023)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2023

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI
# (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും
## (FOOD, CIVIL SUPPLIES AND CO-OPERATION)

**പീരിയോഡിക്കൽ റിപ്പോർട്ട്**
**(2023 മാർച്ച് 31 വരെയുള്ളത്)**

## (PERIODICAL REPORT AS ON 31st MARCH, 2023)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

958/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 5 |

# സബ്ജക്ട് കമ്മിറ്റി XI
# (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)
# (2021-2023)

**ഘടന**

ചെയർമാൻ :

ശ്രീ. വി. എൻ. വാസവൻ,
സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി.

എക്സ് - ഒഫീഷ്യോ അംഗം:

ശ്രീ. ജി. ആർ. അനിൽ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അബ്ദുൾ ഹമീദ് പി.

ശ്രീ. ആന്റണി ജോൺ

ശ്രീ. പി. വി. അൻവർ

ഡോ. മാത്യു കുഴൽനാടൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ.എം. ബഷീർ, സെക്രട്ടറി

ശ്രീ. എ. ജാഫർഖാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. വിജയ് അമൃതരാജ് എ., ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. എം. എസ്. അൻവർ സുൽത്താൻ., അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

15-ാം കേരള നിയമസഭയുടെ ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI (2021-23), 2021 ജൂൺ 7-ാം തീയതി രൂപീകൃതമായി. 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 4-4-2022, 20-4-2022, 27-4-2022, 12-7-2022, 23-08-2022, 26-10-2022, 17-02-2023, 21-02-2023 എന്നീ തീയതികളിലായി 8 യോഗങ്ങൾ ചേർന്നു. ഇതിൽ മൂന്ന് യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കും 5 യോഗങ്ങൾ ബില്ലുകൾ, എസ്.ആർ.ഒ.-കൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് റിപ്പോർട്ടുകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണനയ്ക്കുമായിരുന്നു.

ഈ റിപ്പോർട്ട് ഏഴ് അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ അദ്ധ്യായം I-ലും സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ അദ്ധ്യായം II-ലും സമിതി പരിഗണിച്ച ചട്ടങ്ങൾ/ എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ അദ്ധ്യായം III-ലും നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ അദ്ധ്യായം IV-ലും നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ അദ്ധ്യായം V-ലും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശം എന്നിവ അദ്ധ്യായം VI-ലും സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ അദ്ധ്യായം VII-ലും ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2023 സെപ്റ്റംബർ 11-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

**വി. എൻ. വാസവൻ,**

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം,

2023 സെപ്റ്റംബർ 13.

# റിപ്പോർട്ട്

## <u>അദ്ധ്യായം I</u>

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങൾ

(എ) 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് 27-4-2022-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും 27-6-2022-ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 12-7-2022-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും 18-7-2022-ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് 12-7-2022-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും 18-7-2022-ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 13-7-2022 ന് സഭയിൽ സമർപ്പിച്ചു.

(ഇ) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 24-8-2022 ന് സഭയിൽ സമർപ്പിച്ചു.

(എഫ്) 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് 21-2-2023-ലെ സമിതി യോഗം പരിഗണിക്കുകയും 27-2-2023- ന് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## <u>അദ്ധ്യായം II</u>

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശം

(എ) 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ 12-7-2022-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതിയോടു കൂടി അംഗീകരിക്കുകയും ചെയ്തു. സമിതി അംഗങ്ങളായ ശ്രീ. അബ്ദുൾ ഹമീദ് പി., ഡോ. മാത്യു കുഴൽനാടൻ, ശ്രീ. സജീവ് ജോസഫ് എന്നിവർ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

(ബി) 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ബിൽ 23-8-2022-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. സമിതി അംഗങ്ങളായ ശ്രീ. അബ്ദുൾ ഹമീദ് പി., ശ്രീ. സജീവ് ജോസഫ് എന്നിവർ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ -കൾ സംബന്ധിച്ച വിശദാംശം

### സമിതി പരിഗണിച്ച ചട്ടങ്ങൾ

(എ) കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 186 ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച കരട് ചട്ടം

പ്രസ്തുത കരട് ചട്ടം 4-4-2022-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(ബി) ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി കേരള കോ-ഓപ്പറേറ്റീവ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1962-ന്റെ ഭേദഗതി സംബന്ധിച്ച കരട് വിജ്ഞാപനം

പ്രസ്തുത കരട് വിജ്ഞാപനം 23-8-2022-ലെ സമിതി യോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

### സമിതി പരിഗണിച്ച എസ്.ആർ.ഒ-കൾ

(എ) കേരള സഹകരണ സംഘം (ഭേദഗതി) റൂൾ, 2021 പ്രകാരമുള്ള വിജ്ഞാപനങ്ങൾ (എസ്.ആർ.ഒ നം.1004/2021), (എസ്.ആർ.ഒ നം.1023/2021).

(ബി) കേരള സഹകരണ സംഘം (ഒന്നാം ഭേദഗതി) റൂൾ, 2022 പ്രകാരമുള്ള വിജ്ഞാപനം (എസ്.ആർ.ഒ. നം. 14/2022), 1962-ലെ കേരള സഹകരണ സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) ചട്ടങ്ങൾ, 2022 പ്രകാരമുള്ള വിജ്ഞാപനം (എസ്.ആർ.ഒ. നം. 140/2022), 1969-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ചട്ടങ്ങൾ, 2022 പ്രകാരമുള്ള വിജ്ഞാപനം (എസ്.ആർ.ഒ. നം. 349/2022), 1969-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ചട്ടങ്ങൾ, 2022 പ്രകാരമുള്ള വിജ്ഞാപനം (എസ്.ആർ.ഒ.നം. 278/2022), 1969-ലെ കേരള സഹകരണ സംഘം (നാലാം ഭേദഗതി) ചട്ടങ്ങൾ, 2022 പ്രകാരമുള്ള വിജ്ഞാപനം (എസ്.ആർ.ഒ. നം. 765/2022).

പ്രസ്തുത എസ്.ആർ.ഒ.-കൾ 26-10-2022-ലെ സമിതി യോഗം പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

<u>അദ്ധ്യായം IV</u>

## നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശം

റിപ്പോർട്ട് കാലയളവിൽ 235(എ) പ്രകാരം യോഗം ചേർന്നിട്ടില്ല.

<u>അദ്ധ്യായം V</u>

## നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

(എ) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം XXX-ഭക്ഷ്യം എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട 2020-21 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം) ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി ശ്രീ. ജി. ആർ. അനിൽ 20-7-2022-ന് സഭയിൽ സമർപ്പിച്ചു.

(ബി) XXVII-സഹകരണം എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന സഹകരണ വകുപ്പുമായി ബന്ധപ്പെട്ട 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ബഹു. സഹകരണവും രജിസ്ട്രേഷനും മന്ത്രി ശ്രീ. വി. എൻ. വാസവൻ 20-7-2022-ന് സഭയിൽ സമർപ്പിച്ചു.

(സി) XXX-ഭക്ഷ്യം എന്ന ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട 2021-22 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം) ബഹു.ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി ശ്രീ. ജി. ആർ. അനിൽ 15-3-2023-ന് സഭയിൽ സമർപ്പിച്ചു.

<u>അദ്ധ്യായം VI</u>

## (എ) 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സഹകരണം, ഭക്ഷ്യപൊതുവിതരണം, ഉപഭോക്തൃകാര്യം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം

റിപ്പോർട്ട് കാലയളവിൽ മുൻ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങളൊന്നും ലഭിച്ചിട്ടില്ല.

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിവരം

റിപ്പോർട്ട് കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിച്ചിട്ടില്ല.

**വി. എൻ. വാസവൻ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XI.*

തിരുവനന്തപുരം
2023, സെപ്റ്റംബർ 11.

<u>അനുബന്ധം</u>

# 4-4-2022-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2022 ഏപ്രിൽ 4-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 3 എ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. അബ്ദുൽ ഹമീദ് പി., എം.എൽ.എ.
2. ഡോ.മാത്യു കുഴൽനാടൻ, എം.എൽ.എ.
3. ശ്രീ.സജീവ് ജോസഫ്,എം.എൽ.എ.
4. ശ്രീ.സെബാസ്റ്റ്യൻ കുളത്തുങ്കൽ,എം.എൽ.എ.
5. ശ്രീ.ജി.സ്റ്റീഫൻ, എം.എൽ.എ.
6. ശ്രീ.ആന്റണി ജോൺ, എം.എൽ.എ. (ഓൺലൈൻ മുഖേന)

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. അബ്ദുൾ നാസർ എം., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീ. രാജേഷ് പി.എസ്. ,അഡീഷണൽ സെക്രട്ടറി,സഹകരണ വകുപ്പ്
3. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി,ധനകാര്യ വകുപ്പ്
4. ശ്രീ. അനൂപ് എസ്. ,അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ഡോ. അദീല അബ്ദുള്ള, രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി
6. ഡോ. ആർ.ശശികുമാർ, ഡയറക്ടർ, കേപ്പ്
7. ശ്രീമതി സന്ധ്യ എസ്., അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.

**I. സമിതി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട സഹകരണ വകുപ്പുമായി ബന്ധപ്പെട്ട XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.**

സഹകരണ വകുപ്പിന്റെ നടത്തിപ്പിനുള്ള ചെലവിനും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, വിപണന-സംസ്കരണ സംഘങ്ങൾ, ഉപഭോക്തൃ സഹകരണ സംഘങ്ങൾ, സഹകരണ ആശുപത്രികൾ, സഹകരണ ഫെഡറേഷനുകൾ, അപ്പക്സ് സ്ഥാപനങ്ങൾ, സ്വയം തൊഴിൽ കണ്ടെത്തുന്നതിന് രൂപീകൃതമായ സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, മറ്റ് സഹകരണ സംഘങ്ങൾ എന്നിവയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾക്കും തെരഞ്ഞെടുക്കപ്പെടുന്ന ജില്ലകളിൽ നടപ്പിലാക്കി വരുന്ന സംയോജിത സഹകരണ വികസന പദ്ധതികൾ, എൻ.സി.ഡി.സി ധനസഹായ പദ്ധതി, സംസ്ഥാന സഹകരണ യൂണിയൻ, സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയ്ക്കും കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)-നും ധനസഹായം നൽകുന്നതിനും ഉത്സവചന്തകൾ സംഘടിപ്പിക്കുന്നതിന് സഹായം നൽകുന്നതിനും സഹകരണ പ്രചാരണത്തിനും നബാർഡിന്റെ "RIDF" പദ്ധതിയ്ക്കും, സഹകരണ വകുപ്പിൽ പരിശീലനം, മെമ്പർ റിലീഫ് ഫണ്ട്, എ.സി.എസ്.റ്റി.ഐ.യ്ക്കുള്ള സഹായം എന്നിങ്ങനെയുള്ള വിവിധ പദ്ധതികൾക്കും കൂടാതെ സഹകരണ പരീക്ഷാ ബോർഡിനുള്ള സഹായം, കാർഷിക മേഖലയുടെ ഉന്നമനത്തിനായി കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ ഏഴ് ഉപഘടകങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി എന്നീ പുതിയ പദ്ധതികൾക്കുമായി ആകെ 55849.11 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നുവെന്ന് സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

2425-003-89-31—സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയൻ, സംസ്ഥാന സഹകരണ മാനേജ്മെന്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള സഹായം

സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള ജെ.ഡി.സി, എച്ച്.ഡി.സി പരിശീലന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സമർപ്പിച്ച 25 കോടി രൂപയുടെ പ്രൊപ്പോസലുകളിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്കായുള്ള

15 കോടി രൂപ 5 വർഷങ്ങളിലായി അനുവദിക്കുന്നതിലേയ്ക്കായി 2022-2023 വർഷത്തെ ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ഈ ശീർഷകത്തിൽ ആകെ 2 കോടി മാത്രമാണ് ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. ടി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ കൂടി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2425-003-86-36—<u>അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്</u>

അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ ഒരു പഠന ഗവേഷണ കേന്ദ്രമായി ഉയർത്തൽ, പുതിയ ലൈബ്രറി ബ്ലോക്കിന്റെ നിർമ്മാണം, ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം, പുതിയ കോഴ്സുകൾ ആരംഭിക്കുക, ജീവനക്കാർക്കുള്ള ഓൺലൈൻ ട്രെയിനിംഗ് നടപ്പിലാക്കുക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നീ ആവശ്യങ്ങൾക്കായി അടുത്ത 5 വർഷത്തേയ്ക്ക് 15 കോടി രൂപ അനുവദിക്കുന്ന പ്രോജക്റ്റ് സമർപ്പിച്ചിരുന്നു. ആയതിൽ നിന്ന് 2022-2023 വർഷത്തെ ബഡ്ജറ്റിൽ 3 കോടി രൂപ അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 50 ലക്ഷം രൂപ മാത്രമാണ് ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ മേൽ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപയ്ക്ക് പുറമെ 2.5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2425- 108-67—<u>മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം</u>

പുതിയതായി രൂപീകരിച്ച 30 യുവ സഹകരണ സംഘങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ, നൂതന സംരംഭങ്ങൾ എന്നിവ ആരംഭിക്കുന്നതിനായി സബ്സിഡി ഇനത്തിൽ ഒരു സംഘത്തിന് 10 ലക്ഷം രൂപ വീതം ആകെ 3 കോടി രൂപ അനുവദിക്കേണ്ടതുണ്ട്. കൂടാതെ നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ഒരു ജില്ലയിൽ ഒന്ന് വീതം പുതിയതായി ആരംഭിക്കുന്ന 14 പട്ടികജാതി/പട്ടികവർഗ്ഗ/യുവസഹകരണ സംഘങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ, നൂതന സംരംഭങ്ങൾ എന്നിവ ആരംഭിക്കുന്നതിനായി സബ്സിഡി ഇനത്തിൽ ഒരു സംഘത്തിന് 10.00 ലക്ഷം രൂപ വീതം ആകെ 1.40 കോടി രൂപയും ഉൾപ്പെടെ ആകെ 4.40 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

മുൻ വർഷത്തെ ബഡ്ജറ്റ് വിഹിതമായ 450 ലക്ഷം രൂപ ലഭ്യമായിട്ടില്ലെന്നും ബഡ്ജറ്റ് അലോക്കേഷന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ പ്രതിനിധി ഉൾപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പിൽ വച്ച് അംഗീകാരം വാങ്ങിയ ശേഷം പ്രസ്തുത പ്രൊപ്പോസലുകൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് സമർപ്പിക്കുകയും ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾക്കായി നൽകുകയും ചെയ്യുമെന്നും സഹകരണ വകുപ്പിനെ സംബന്ധിച്ചിടത്തോളം സഹകരണ സൊസൈറ്റികൾക്കാണ് ഫണ്ട് നൽകുന്നതെന്നും സൊസൈറ്റികളുടെ പേരിൽ ഫണ്ട് റിലീസായാൽ മാത്രമേ വകുപ്പിന് എക്സ്പെൻഡിച്ചർ വരികയുള്ളൂവെന്നും ഫണ്ട് റിലീസിംഗ് ഓർഡർ പെൻഡിംഗായ കേസുകളുടെ വിശദാംശങ്ങൾ സമിതിയ്ക്ക് സമർപ്പിക്കാമെന്നും സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

സഹകരണ വകുപ്പിനായി ഇയർമാർക്ക് ചെയ്ത ഫണ്ട് റിലീസ് ചെയ്യാത്തതു സംബന്ധിച്ച വിവരം ധനകാര്യ വകുപ്പ് പരിശോധിച്ച ശേഷം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

4425-108-68—മറ്റു സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

പുതിയതായി രൂപീകരിച്ച 30 യുവ സഹകരണ സംഘങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ, നൂതന സംരംഭങ്ങൾ എന്നിവ ആരംഭിക്കുന്നതിനായി ഓഹരി ഇനത്തിൽ ഒരു സംഘത്തിന് 5 ലക്ഷം രൂപ വീതം ആകെ 1.50 കോടി രൂപ അനുവദിക്കേണ്ടതുണ്ട്.

കൂടാതെ നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ഒരു ജില്ലയിൽ ഒന്ന് വീതം പുതിയതായി ആരംഭിക്കുന്ന 14 പട്ടികജാതി/പട്ടികവർഗ്ഗ/യുവസഹകരണ സംഘങ്ങൾക്ക് സ്റ്റാർട്ടപ്പുകൾ, നൂതന സംരംഭങ്ങൾ എന്നിവ ആരംഭിക്കുന്നതിനായി ഓഹരി ഇനത്തിൽ ഒരു സംഘത്തിന് 5 ലക്ഷം രൂപ വീതം ആകെ 70 ലക്ഷം രൂപയും നൽകുന്നതിന് പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2.20 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2425-108-47-35—കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)-ന് ധനസഹായം

കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന Kerala Institute of Making the Best (KIMB)-നെ Skill and Knowledge Development Centre ആക്കി ഉയർത്തുന്നതിനായി 1 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**പുതിയ ശീർഷകം അനുവദിച്ച് തുക വകയിരുത്തുന്നതിനുള്ള ശിപാർശകൾ**

ആശുപത്രി സഹകരണസംഘങ്ങൾക്കുള്ള ധനസഹായം :

വകുപ്പിന്റെ കീഴിലുള്ള ആശുപത്രി സഹകരണ സംഘങ്ങളുടെ സമഗ്രമായ നവീകരണത്തിനും ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ആശുപത്രി സഹകരണ സംഘങ്ങളെ പ്രാപ്തരാക്കുന്നതിലേയ്ക്കുമായി 10 കോടി രൂപ (സബ്സിഡി - 4 കോടി രൂപ, ഓഹരി - 6 കോടി രൂപ) അനുവദിക്കുന്നതിനായുള്ള പുതിയ പദ്ധതി പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും പദ്ധതി അംഗീകരിച്ചില്ല. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ആശുപത്രി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി 2022-2023 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി അംഗീകരിക്കണമെന്നും പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്നും ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ നവീകരണം

നഷ്ടത്തിൽ പ്രവർത്തിക്കുന്ന എല്ലാത്തരം സഹകരണ സംഘങ്ങളെയും നവീകരിക്കുന്നതിനു വേണ്ടിയുള്ള ധനസഹായം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റിന്റെ അടിസ്ഥാനത്തിൽ പരമാവധി ഒരു സംഘത്തിന് 50 ലക്ഷം രൂപ വീതം ആകെ 7 കോടി രൂപ (സബ്സിഡി - 4.20 കോടി രൂപ ,ഓഹരി - 2.80 കോടി രൂപ ) അനുവദിക്കുന്നതിനു വേണ്ടിയുള്ള പുതിയ പദ്ധതി പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും പദ്ധതി അംഗീകരിച്ചില്ല. നഷ്ടത്തിൽ പ്രവർത്തിക്കുന്ന എല്ലാത്തരം സഹകരണ സംഘങ്ങളെയും പുനരുദ്ധരിക്കുന്നതിനായി 2022-2023 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി അംഗീകരിക്കണമെന്നും പുതിയ ശീർഷകം അനുവദിച്ച് 7 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്നും ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സഹകരണ സംഘങ്ങൾ നഷ്ടത്തിലാകുന്നതിന്റെ കാരണം സംബന്ധിച്ച് പഠനം നടത്തിയപ്പോൾ പലതിലും ഭരണപരമായ കാരണങ്ങളാണെന്നും വനിതാസംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗസംഘങ്ങൾ എന്നിവയുടെ പ്രവർത്തനത്തിനായി ഒരു കൈത്താങ്ങ് ആവശ്യമാണെന്നും അത്തരം സംഘങ്ങൾ കാലങ്ങളായി ചെയ്തുകൊണ്ടിരിക്കുന്ന പല പ്രവർത്തനങ്ങൾക്കും നിലവിലെ സാഹചര്യത്തിൽ പ്രസക്തിയില്ലാതായിരിക്കുന്നുവെന്നും അവയ്ക്കായി പുനർജ്ജനി എന്ന പദ്ധതി നിലവിലുണ്ടെന്നും ടി പദ്ധതി മുഖേന നിരവധി സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടെന്നും മതിയായ ഫണ്ട് ലഭ്യമായാൽ മാത്രമേ വകുപ്പിന് അത്തരം പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ മുന്നോട്ട് കൊണ്ടു പോകാൻ സാധിക്കുകയുള്ളൂവെന്നും സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സഹകരണ സംഘങ്ങളെ ആധുനികവൽകരിക്കുന്നതിനും നടപ്പിലാക്കിവരുന്ന വിവിധ കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുമായി 2 കോടി രൂപ (സബ്സിഡി - 80 ലക്ഷം രൂപ, ഓഹരി-1.20 കോടി രൂപ) അനുവദിക്കുന്നതിനായുള്ള പുതിയ പദ്ധതി പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും പദ്ധതി അംഗീകരിച്ചില്ല. 2022-2023 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി അംഗീകരിക്കണമെന്നും പുതിയ ശീർഷകം അനുവദിച്ച് 2 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതിയുടെ പലിശ സബ്സിഡി

നൂറ് ദിന കർമ്മ പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന സഹകരണ ബാങ്ക്/ അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ വിതരണം ചെയ്യുന്നതിനായി "സഹകരണം സൗഹൃദം" എന്ന പേരിൽ ഒരു വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ പരമാവധി 9% പലിശ നിരക്കിൽ വിതരണം ചെയ്യുന്ന വായ്പയുടെ 4% പലിശ സബ്സിഡി നൽകുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 3 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതിയേതര വിഹിതമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## II. കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 186 ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച കരട് ചട്ടം

ഫ.നം 5506/സബ്.സി ജി1/2022/നിസെ.

കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 186 ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച കരട് ചട്ടത്തിൽ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളിലെ ഗോൾഡ് അപ്രൈസർ തസ്തികയുടെ യോഗ്യത സംബന്ധിച്ചാണ് പരാമർശിക്കുന്നതെന്നും അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകളിലെ ഗോൾഡ് അപ്രൈസർ തസ്തികയുടെ യോഗ്യത ക്ലറിക്കൽ തസ്തികയുടെ യോഗ്യതയ്ക്ക് തുല്യമായി നിശ്ചയിച്ചിട്ടുണ്ടെന്നും ഗോൾഡ് അപ്രൈസർ തസ്തികയ്ക്ക് എസ്.എസ്.എൽ.സി.-യും സ്വർണ്ണത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കാനുള്ള പ്രവൃത്തി

പരിചയവും അടിസ്ഥാനയോഗ്യതയായി നിശ്ചയിച്ചുകൊണ്ട് തെരഞ്ഞെടുക്കുന്നതിനുള്ള അനുമതി പരീക്ഷാബോർഡിന് നൽകുന്നതാണ് പ്രസ്തുത ചട്ടമെന്നും ഗോൾഡ് അപ്രൈസർ തസ്തികയ്ക്ക് അംഗീകൃത കോഴ്സ് കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും എസ്.എസ്.എൽ.സി.-യും സ്വർണ്ണത്തിന്റെ ഗുണനിലവാരം നിർണ്ണയിക്കാനുള്ള പ്രവൃത്തി പരിചയവും അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ച് സെലക്ട് ചെയ്യാനുള്ള അനുമതി പരീക്ഷാ ബോർഡിന് നൽകുകയാണെങ്കിൽ സിസ്റ്റമാറ്റിക്കായുള്ള നിയമനരീതിയുണ്ടാകുമെന്നും ആയതിനാൽ പ്രസ്തുത ചട്ടത്തിന് അംഗീകാരം നൽകണമെന്നും സഹകരണ വകുപ്പ് സെക്രട്ടറി ആവശ്യപ്പെട്ടു.

കരട് ചട്ടത്തിൽ "-in rule 186(1) after sub-rule(iv) of rule the following rule shall be inserted" എന്നതിൽ after sub-rule(iv) എന്നത് after item(iv) എന്നാക്കി മാറ്റണമെന്ന് സമിതി നിർദ്ദേശിക്കുകയും പ്രസ്തുത ഭേദഗതിയോടെ കരട് ചട്ടം സമിതി അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ അടുത്ത യോഗം 20-4-2022-ന് ചേരുവാൻ തീരുമാനിച്ചു.

യോഗം രാവിലെ 11.40-ന് അവസാനിച്ചു.

## 20-4-2022-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2022 ഏപ്രിൽ 20- ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യ-പൊതുവിതരണ വകുപ്പു മന്ത്രിയുമായ ശ്രീ. ജി. ആർ. അനിൽ ഹാജരായിരുന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.
2. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.
3. ശ്രീ. ജി.സ്റ്റീഫൻ, എം.എൽ.എ.
4. ശ്രീ. അബ്ദുൽ ഹമീദ് പി., എം.എൽ.എ. (ഓൺലൈൻ മുഖേന)
5. ശ്രീ. ആന്റണി ജോൺ, എം.എൽ.എ. (ഓൺലൈൻ മുഖേന)

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യുക്കുട്ടി ജി. , അഡീഷണൽ സെക്രട്ടറി
2. ശ്രീമതി ദീപ.ആർ.കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്.അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ.ഡി.സജിത് ബാബു ,കമ്മീഷണർ, ഭക്ഷ്യപൊതുവിതരണ വകുപ്പ്
2. ശ്രീ. സഞ്ജീവ് പട്ജോഷി, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ
3. ശ്രീ. അബ്ദുൽ മജീദ് കക്കോട്ടിൽ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ വകുപ്പ്
4. ശ്രീമതി ജെസ്സി ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യപൊതുവിതരണ വകുപ്പ്
5. ശ്രീമതി കെ. എസ്. ഉഷ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. കെ. ടി. വർഗ്ഗീസ് പണിക്കർ, കൺട്രോളർ, ലീഗൽ മെട്രോളജി
7. ശ്രീ. അബ്ദുൾ ഹഫീസ് എം., ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി
8. ശ്രീ. ശ്രീരാജ് എസ്.എസ്., അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്.

**സമിതി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട XXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.**

3475-00-106-99-06—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ-വാടക,കരം, നികുതി</u>

പുതുതായി രൂപീകരിച്ച 14 താലൂക്കുകളിലെ ഇൻസ്പെക്ടറാഫീസുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത കെട്ടിടങ്ങളുടെ വാടക നൽകുന്നതിനും മറ്റ് ചെലവുകൾക്കുമായി 2022-23 സാമ്പത്തിക വർഷം 35.30 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും അനുവദിച്ച തുക അപര്യാപ്തമായതിനാൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും ലീഗൽ മെട്രോളജി കൺട്രോളർ സമിതി യോഗത്തിൽ ആവശ്യപ്പെട്ടു. പ്രസ്തുത ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3475-00-106-99-21-2—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

പ്രസ്തുത ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം 6.68 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പരിശോധനകളും മറ്റും തുടർച്ചയായി നടത്തുന്നതിനായി സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കേണ്ടിവരുന്നതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ലീഗൽ മെട്രോളജി കൺട്രോളർ സമിതി യോഗത്തിൽ ആവശ്യപ്പെട്ടു. പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3475-00-106-99-45—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - പി.ഒ.എൽ.</u>

പ്രസ്തുത ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം 30.62 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും വകുപ്പിലെ വാഹനങ്ങളുടെ ഇന്ധന ആവശ്യങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും ലീഗൽ മെട്രോളജി കൺട്രോളർ സമിതി യോഗത്തിൽ ആവശ്യപ്പെട്ടു. പ്രസ്തുത ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5475-00-800-79—<u>ലീഗൽ മെട്രോളജി ഓഫീസിന്റെ ആധുനികവത്ക്കരണം</u>

കാസർഗോഡ് ജില്ലയിൽ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന ഓഫീസ് കെട്ടിടം, ലബോറട്ടറി കെട്ടിടം എന്നിവയുടെ നിർമ്മാണത്തിനും കാക്കനാട് ലീഗൽ മെട്രോളജി ഭവനിൽ ANERT മുഖേന സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കുമായി മേൽ ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം 1.6223 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും പ്രസ്തുത തുക അപര്യാപ്തമായതിനാൽ 1.71 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും ലീഗൽ മെട്രോളജി കൺട്രോളർ സമിതി യോഗത്തിൽ ആവശ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.71 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ലീഗൽ മെട്രോളജി വകുപ്പിൽ സാധനങ്ങളുടെ അളവും തൂക്കവും മാത്രമാണോ പരിശോധിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് ലീഗൽ മെട്രോളജി ആക്റ്റ് പ്രകാരം പാക്കേജ്ഡ് കമ്മോഡിറ്റികളുടെ അളവും തൂക്കവുമാണ് പരിശോധിക്കുന്നതെന്നും കൂടാതെ സാധനങ്ങളുടെ പാക്കറ്റുകളിൽ അവയുടെ വില, കസ്റ്റമർ കെയർ നമ്പർ, നിർമ്മാതാക്കളുടെ പേര്, അഡ്രസ്സ്, പാക്ക് ചെയ്യുന്ന മാസം, വർഷം, കാലാവധി അവസാനിക്കുന്ന തീയതി എന്നിവയുണ്ടോയെന്നും പരിശാധിക്കുമെന്നും ലീഗൽ മെട്രോളജി കൺട്രോളർ സമിതിയെ അറിയിച്ചു.

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷത്തോടനുബന്ധിച്ചുള്ള നൂറ്ദിന കർമ്മപരിപാടിയുടെ ഭാഗമായുള്ള 'ജാഗ്രത്', 'ക്ഷമത' എന്നീ ഉപഭോക്തൃബോധവൽക്കരണ പരിപാടികൾ ഊർജ്ജിതമായി തുടരുന്നുവെന്നും 'ജാഗ്രത്' പദ്ധതിയുടെ ഭാഗമായി 25499 വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തിയതിൽ 2550 സ്ഥാപനങ്ങളിൽ ന്യൂനത കണ്ടെത്തുകയും 'ക്ഷമത' പദ്ധതിയുടെ ഭാഗമായി 845 പെട്രോൾ പമ്പുകളിൽ പരിശോധന നടത്തിയതിൽ 102 പമ്പുകളിൽ അളവിൽ വ്യത്യാസം കണ്ടതിനെ തുടർന്ന് സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തിട്ടുണ്ടെന്നും വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഇപ്പോൾ നിയന്ത്രണമുണ്ടെന്നും സെൻട്രൽ ഗവൺമെന്റിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി പരിശോധനകളെല്ലാം സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം മുഖേന നടത്തിയാൽ മതിയെന്നും അതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ പേരുകൾ സിസ്റ്റത്തിൽ കൊടുത്തതിനുശേഷം സിസ്റ്റം സെലക്ട് ചെയ്യുന്ന സ്ഥാപനങ്ങളിലേയ്ക്ക് സെലക്ട് ചെയ്യുന്ന ഓഫീസർ മുൻകൂട്ടി സ്ഥാപനത്തെ അറിയിച്ച ശേഷം പരിശോധന നടത്താനുമാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതെന്നും ഒരു ഓഫീസർ ഒരു സ്ഥാപനത്തിൽ മൂന്ന് വർഷത്തിലൊരിക്കൽ മാത്രമേ പരിശോധിക്കാൻ പാടുള്ളൂവെന്നാണ് നിർദ്ദേശിച്ചിരിക്കുന്നതെന്നും സ്ഥാപനം പരിശോധിച്ച് ന്യൂനതകൾ കണ്ടു പിടിച്ച് നോട്ടീസ് നൽകാനും അത് പരിഹരിക്കാൻ അവസരം കൊടുക്കാനും മാത്രമാണ് നിലവിൽ നിർദ്ദേശം നൽകിയിട്ടുള്ളതെന്നും ലീഗൽ മെട്രോളജി ഡെപ്യൂട്ടി കൺട്രോളർ സമിതിയെ അറിയിച്ചു.

ലീഗൽ മെട്രോളജി വകുപ്പ് പെട്രോൾ പമ്പുകളിൽ നടത്തിയ തുടർച്ചയായ പരിശോധനകളിൽ ചില പെട്രോൾ പമ്പുകളിൽ അളവിൽ ചെറിയ വ്യതിയാനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അവയുടെ പ്രവർത്തനം നിർത്തിവയ്ക്കാനുള്ള ഉത്തരവ് നൽകുകയും അതിനെതിരെ പെട്രോൾ പമ്പ് അസോസിയേഷൻ ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ബന്ധപ്പെട്ട വകുപ്പുകൾ പരിശോധന നടത്തി അളവ് കൃത്യമായി രേഖപ്പെടുത്തിയ ശേഷം പമ്പുകൾ Lead and Wire ഉപയോഗിച്ച് സീൽ ചെയ്യുതാണെന്നും പമ്പുകളിൽ വീണ്ടും പരിശോധന

നടത്തുമ്പോൾ അളവിൽ വ്യത്യാസം കാണിക്കുന്നുണ്ടെങ്കിലും Lead and Wire സീലിൽ മാറ്റമില്ലാത്തതിനാൽ പ്രസ്തുത മെഷീനിൽ പെട്രോൾ പമ്പുകാർ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ലെന്ന് മനസ്സിലാകുമെന്നും ക്രമം തെറ്റിയ മെഷീൻ ആയതിനാലായിരിക്കാം അങ്ങനെ സംഭവിക്കുന്നതെന്നും മനപ്പൂർവ്വം അളവിൽ കുറവ് വരുത്തി ഇന്ധന വിൽപ്പന നടത്തുന്നില്ലെന്നും ആയതിനാൽ അവർക്കെതിരെ നടപടി സ്വീകരിക്കരുതെന്ന് കോടതിയിൽ ആവശ്യപ്പെടുകയും കോടതി അത് അംഗീകരിക്കുകയും മെഷീൻ ക്രമം തെറ്റിയതാണെങ്കിൽ പമ്പിന്റെ പ്രവർത്തനം തൽക്കാലം നിർത്തി വച്ച് മെഷീൻ റീ-കാലിബ്രേറ്റ് ചെയ്യണമെന്ന് കോടതി നിർദ്ദേശിക്കുകയും ചെയ്തുവെന്ന് ലീഗൽ മെട്രോളജി വകുപ്പ് ഡെപ്യൂട്ടി കൺട്രോളർ സമിതിയെ അറിയിച്ചു.

**സമിതി 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.**

2408-01-101-96-33—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ - സബ്സിഡികൾ

കേരളത്തിലെ നെൽ കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മാ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ നിന്ന് ഏറ്റെടുത്ത്, കേരളത്തിലെ ആധുനിക അരി മില്ലുകളിൽ സംസ്കരിച്ച് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് കർഷകരിൽ നിന്ന് നേരിട്ട് ഏറ്റെടുത്ത്, ആയതിന് PRS Loan മുഖേന കർഷകരുടെ ബാങ്ക് അക്കൗണ്ടിലൂടെ നെല്ലിന്റെ സംഭരണ വില നൽകുകയും കർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ല് നവീന സംസ്കരണ ശാലകളിൽ ഇരുപ്പുഴക്കൻ രീതിയിൽ കുത്തി അരിയാക്കി റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന് നൽകി വരികയും ചെയ്യുന്നു. പ്രസ്തുത പദ്ധതിയ്ക്കായി 2022-23 സാമ്പത്തിക വർഷം 577.5 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 608.01 കോടി രൂപ കൂടി വകയിരുത്തണമെന്ന് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സപ്ലൈകോ സമിതി യോഗത്തിൽ ആവശ്യപ്പെട്ടു. പ്രസ്തുത ശീർഷകത്തിൽ 608.01 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2408-01-101-94—റേഷൻ സബ്സിഡി (നോൺ പ്ലാൻ)

റേഷൻ അരി സംസ്ഥാന സർക്കാർ സബ്സിഡി നൽകി വിതരണം ചെയ്യുമ്പോളുണ്ടാകുന്ന ചെലവ് വഹിക്കുന്നതിനും റേഷൻ ചില്ലറ വ്യാപാരികൾക്ക് കമ്മീഷൻ

നൽകുന്നതിനും സപ്ലൈകോയുടെ വാതിൽപ്പടി വിതരണത്തിനുള്ള ഗതാഗത ചെലവിനത്തിലും സംഭരണശാലകളുടെ വാടകയിനത്തിലും റേഷൻ അരിയുടെയും ഗോതമ്പിന്റെയും ഗതാഗത/കൈകാര്യ ചെലവുകൾക്കുമായി 2022-23 സാമ്പത്തിക വർഷം 1084.897 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 156.92 കോടി രൂപ കൂടി വകയിരുത്തണമെന്ന് പൊതുവിതരണ വകുപ്പ് കമ്മീഷണർ സമിതി യോഗത്തിൽ ആവശ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 156.923 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ഏകദേശം 700 ലോറികൾ NFSA-യുടെ ആവശ്യത്തിനായി ഉപയോഗിക്കേണ്ടതു ണ്ടെന്നും ട്രാൻസ്പോർട്ടേഷനുള്ള എല്ലാ വാഹനങ്ങളിലും ജി.പി.എസ് സംവിധാനമായി കഴിഞ്ഞുവെന്നും സി.സി.ടി.വി സംവിധാനമടക്കം പ്രവർത്തനം മെച്ചപ്പെടുത്താനുള്ള എല്ലാ ക്രമീകരണങ്ങളും നടത്തിയെന്നും എല്ലാ ജില്ലകളിലെയും പ്രോജക്ട് മാനേജർമാർ, സപ്ലൈകോയിലെയും സിവിൽ സപ്ലൈസ് ഓഫീസിലെയും ഉദ്യോഗസ്ഥർ എന്നിവർക്ക് ട്രെയിനിംഗ് നടന്നു കൊണ്ടിരിക്കുകയാണെന്നും ട്രാൻസ്പോർട്ടേഷനുള്ള വാഹനങ്ങളുടെ സഞ്ചാരം ഓഫീസിലിരുന്നു കാണാൻ കഴിയുമെന്നും കോർപ്പറേഷൻ ഗോഡൗണിൽ നിന്നും NFSA ഗോഡൗണിലേയ്ക്കും അവിടെ നിന്നും റേഷൻ കടകളിലേയ്ക്കും പോകുന്ന മുഴുവൻ കോൺട്രാക്ട് വാഹനങ്ങളിലും ജി.പി.എസ്. സംവിധാനമുള്ളതിനാൽ എവിടെയെങ്കിലും ഡൈവേർഷൻ ഉണ്ടെങ്കിൽ ആയതു സംബന്ധിച്ച സന്ദേശം ഉദ്യോഗസ്ഥരുടെ ഫോണിൽ ലഭ്യമാകുവെന്നും 176 വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം പ്രവർത്തിച്ചു തുടങ്ങിയെന്നും ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സപ്ലൈകോ സമിതി യോഗത്തിൽ അറിയിച്ചു.

2408-01-102-99-33—<u>കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് - സബ്സിഡികൾ</u>

പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപണിയിടപെടൽ പദ്ധതി പ്രകാരം 14 ഇനം അവശ്യ സാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. സർക്കാരിന്റെ പ്രഖ്യാപിത നയം അനുസരിച്ച് നിലവിലെ ഭരണകാലയളവിൽ അവശ്യ സാധനങ്ങളുടെ സബ്സിഡി വിലകളിൽ വർദ്ധനവ് അനുവദനീയമല്ലെന്നും അതേ സമയം അവയുടെ വാങ്ങൽ നിരക്കുകളിൽ ഓരോ വർഷവും ഗണ്യമായ വർദ്ധനവ് ഉണ്ടാകുന്നുണ്ടെന്നും എന്നാൽ സബ്സിഡി വില

വർദ്ധിപ്പിക്കാത്തതിനാൽ സബ്സിഡി വിതരണം മൂലമുള്ള നഷ്ടം കൂടി വരികയാണെന്നും നിലവിൽ സബ്സിഡി നിരക്കിൽ അവശ്യ സാധനങ്ങൾ വിൽപ്പന നടത്തിയ വകയിൽ പ്രതിമാസം ശരാശരി 35 കോടി രൂപയുടെ നഷ്ടം സപ്ലൈകോയ്ക്ക് ഉണ്ടാകുന്നുണ്ടെന്നും വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 2022-23 സാമ്പത്തിക വർഷം 180 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 883.42 കോടി രൂപ കൂടി വകയിരുത്തണമെന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് കമ്മീഷണർ സമിതി യോഗത്തിൽ ആവശ്യപ്പെട്ടു. പ്രസ്തുത ശീർഷകത്തിൽ 883.42 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്ന അവശ്യസാധനങ്ങൾക്ക് ഗുണനിലവാരം ഉറപ്പുവരുത്താൻ സാധിക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് വളരെ ശ്രദ്ധിച്ച് ഗുണനിലവാരം പരിശോധിച്ച് മാത്രമാണ് സാധനങ്ങൾ സ്വീകരിക്കുന്നതെന്നും ട്രാൻസ്പോർട്ടേഷൻ സമയത്തും ഗോഡൗണുകളിൽ സൂക്ഷിക്കുന്ന സമയത്തും ഗുണനിലവാരത്തിൽ ചെറിയ വ്യത്യാസ മുണ്ടാകുമെന്നും സാധനങ്ങൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തുന്ന കാര്യത്തിൽ കർശന നിലപാട് സ്വീകരിക്കാറുണ്ടെന്ന് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ സമിതി യോഗത്തിൽ അറിയിച്ചു.

സംസ്ഥാനത്ത് 14 ജില്ലകളിലേയും വിപണിയിലെ ഏറ്റക്കുറച്ചിലുകൾ പഠിക്കുക എന്ന ഉദ്ദേശ്യത്തോടെ "Centre For Price Research in Kerala" എന്നൊരു പദ്ധതി ആവിഷ്കരിക്കുകയും 2022-23 ബഡ്ജറ്റിൽ പ്ലാൻ വിഭാഗത്തിൽ ഉൾപ്പെടുത്തി 12 ലക്ഷം രൂപ ലഭ്യമാക്കുകയും പ്രസ്തുത ആവശ്യത്തിലേക്കായി 13 ലക്ഷം രൂപ കേന്ദ്ര വിഹിതവും ലഭ്യമായിട്ടുണ്ടെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചു.

2408-01-800-98—<u>ഉപഭോക്തൃ ദിനാഘോഷം</u>

ലോകഭക്ഷ്യ ദിനം, ലോക ഉപഭോക്തൃ ദിനം, ദേശീയ ഉപഭോക്തൃ ദിനം എന്നീ ദിനാഘോഷങ്ങളോടനുബന്ധിച്ച് സെമിനാറുകൾ, ചർച്ചകൾ, മുഖാമുഖം, ശില്പശാലകൾ എന്നിങ്ങനെയുള്ള ഉപഭോക്തൃ ബോധവത്ക്കരണ പരിപാടികളും സ്കൂൾ വിദ്യാർത്ഥികൾക്കായി വിവിധ മത്സരപരിപാടികളും സംഘടിപ്പിക്കുന്നതിനായി മുൻ സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും നടപ്പു സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെന്നും ആയതിനാൽ നടപ്പുസാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ്

കമ്മീഷണർ സമിതിയെ അറിയിച്ചു. പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3456-00-001-89-34—<u>ഫുഡ് അഡ്വൈസറി കമ്മിറ്റി - മറ്റ് ചെലവുകൾ</u>(നോൺ പ്ലാൻ)

റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും പൊതുജനങ്ങൾ നൽകുന്ന പരാതികൾ തീർപ്പാക്കുന്നതിനുമായി ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം 2018 എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച സംസ്ഥാനതല വിജിലൻസ് സമിതി വർഷത്തിൽ 4 പ്രാവശ്യം യോഗം ചേരേണ്ടതിനാൽ യോഗത്തിന്റെ ചെലവുകൾക്കായി 3 ലക്ഷം രൂപ വീതം 12 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നുവെന്നും നടപ്പു സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ 50,000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതെന്നും ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 11.50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 11.50 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

3456-00-001-78—<u>ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)</u>

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനായി ഇ-പോസ് മെഷീനുകളുടെ സ്ഥാപനം, കമ്മീഷണറേറ്റ്, ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസുകളുടെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും, ഭക്ഷ്യധാന്യ വിതരണവുമായി ബന്ധപ്പെട്ട എസ്.എം.എസ്. കോസ്റ്റ്, ജി.പി.എസ്. ട്രാക്കിംഗ് സൗകര്യം സ്ഥാപിക്കാൻ സപ്ലൈകോയ്ക്ക് നൽകുന്ന സഹായം, സോഷ്യൽ ഓഡിറ്റ്, വിവിധ മേഖലകളിൽ ഉള്ളവർക്ക് ബോധവത്ക്കരണം എന്നിവ ഉൾക്കൊള്ളുന്ന ഈ ശീർഷകത്തിൽ ബയോമെട്രിക് ഡിവൈസസ് ആൻഡ് ഈപോസ് മെഷീൻസ് എന്ന കമ്പോണന്റിൽ സിം ചാർജസ്, തെർമൽ പേപ്പർ എന്നീ ഇനങ്ങൾക്കായി 3.89 കോടി രൂപയും NFSA ഗോഡൗണുകൾക്കായുള്ള വെയിങ് മെഷീൻ, ജനറേറ്റർ, കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും എന്ന കമ്പോണന്റിൽ 2.12 കോടി രൂപയും ഉൾപ്പെടെ 6.01 കോടി രൂപ ആവശ്യമുണ്ടെന്നും ഭക്ഷ്യപൊതുവിതരണ വകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 6.01 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സംസ്ഥാനത്ത് റേഷൻ വിതരണത്തിനായി 14370 ഇ-പോസ് മെഷീനുകളാണു ള്ളതെന്നും ഏഴ് കോടി മൂന്ന് ലക്ഷം രൂപയുടെ ബിൽ ധനകാര്യ വകുപ്പിൽ പെൻഡിംഗി ലാണെന്നും പ്രസ്തുത മെഷീനുകളുടെ ചെലവുകൾക്കായി കഴിഞ്ഞ വർഷം വകയിരുത്തിയ തുകയിൽ ഏതാണ്ട് മുഴുവൻ ചെലവായിട്ടുണ്ടെന്നും ഇ-പോസ് മെഷീനിൽ റേഷൻ വിതരണത്തിനായി രണ്ട് സിം കാർഡ് ഉപയോഗിക്കുന്നുണ്ടെന്നും സപ്ലൈകോയും ഇന്റർനെറ്റ് കമ്പനിയായ വോഡാഫോണും ഐഡിയയുമായുള്ള പാക്കേജായതുകൊണ്ട് ഒരു മെഷീനും രണ്ട് സിം കാർഡിനും കൂടി മാസം 70 രൂപ മാത്രമേ ചെലവ് വരുന്നുള്ളൂവെന്നും ആയത് റെക്കറിംഗ് എക്സ്പെൻഡിച്ചർ ആണെന്നും 2016-ൽ ടെണ്ടർ വിളിച്ചതാണെന്നും പ്രസ്തുത കമ്പനിയുമായുള്ള കരാർ കാലാവധി 15 മാസത്തേയ്ക്കുകൂടിയുണ്ടെന്നും ഭക്ഷ്യ പൊതുവിതരണ വകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചു.

3456-00-104-99—<u>കേരള ഉപഭോക്തൃ ക്ഷേമനിധിയിൽ നിന്നുള്ള ഉപഭോക്തൃ ക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ</u>

1992-ലെ ഉപഭോക്തൃക്ഷേമനിയമം അനുസരിച്ച് കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയുടെ മാതൃകയിൽ സംസ്ഥാനതലത്തിൽ രൂപീകരിച്ച ക്ഷേമനിധിയിൽ നിന്നും ഉപഭോക്തൃ സംരക്ഷണ സമിതി/സംഘങ്ങൾ, ഗ്രാമീണതല കൺസ്യൂമർ സഹകരണ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഉപഭോക്തൃ ശാക്തീകരണ/ബോധവത്കരണ പ്രവർത്തനങ്ങൾക്കായി നിലവിലെ ബഡ്ജറ്റിൽ 60.5 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും പ്രസ്തുത വിഹിതം അപര്യാപ്തമായതിനാൽ 1.461 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ഭക്ഷ്യപൊതുവിതരണ വകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചു. പ്രസ്തുത ശീർഷകത്തിൽ 1.461 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 27-4-2022-ന് ചേരുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് അവസാനിച്ചു.

## 27-4-2022-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2022 ഏപ്രിൽ 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കു ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ എക്സ് -ഒഫീഷ്യോ അംഗവും ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുമായ ശ്രീ. ജി. ആർ. അനിലിന്റെ

അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.
2. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.
3. ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ.
4. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ , എം.എൽ.എ.
5. ശ്രീ. ആന്റണി ജോൺ, എം.എൽ.എ. (ഓൺലൈൻ മുഖേന)
6. ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ. (ഓൺലൈൻ മുഖേന)
7. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, എം.എൽ.എ. (ഓൺലൈൻ മുഖേന).

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

സമിതി, 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് ശേഷം 3.00 മണിയ്ക്ക് അവസാനിച്ചു.

## 12-7-2022-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI, 2022 ജൂലൈ 12-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനു ശേഷം വൈകുന്നേരം 3.50-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. വി. എൻ.വാസവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുമായ ശ്രീ. ജി. ആർ. അനിൽ ഹാജരായിരുന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. അബ്ദുൽ ഹമീദ് പി., എം.എൽ.എ.
2. ശ്രീ. പി. വി. അൻവർ, എം.എൽ.എ.

3. ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

4. ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

5. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

6. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, എം.എൽ.എ.

7. ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ.

8. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി

2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്

2. ശ്രീ. പി. എം. അലി അസ്ഗർ പാഷ, സെക്രട്ടറി,ഭക്ഷ്യപൊതുവിതരണ വകുപ്പ്

3. ഡോ. എ. കൗശിഗൻ, ഡയറക്ടർ,മൃഗസംരക്ഷണ വകുപ്പ്

4. ശ്രീ. സഞ്ജീവ് പട്ജോഷി, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ

5. ശ്രീ. രാജേഷ് പി.എസ്. ,സ്പെഷ്യൽ സെക്രട്ടറി,സഹകരണ വകുപ്പ്

6. ശ്രീമതി എസ്.സന്ധ്യ,അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

7. ശ്രീ.അബ്ദുൾ ഹഫീസ് എം., ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി

8. ശ്രീ.അലക്സ് വർഗ്ഗീസ്, രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി

9. ശ്രീമതി സിന്ധു സി. കെ.,ജോയിന്റ് രജിസ്ട്രാർ,കോ-ഓപ്പറേറ്റീവ് സൊസൈറ്റി

10. ശ്രീ. ബി. അശോകൻ, ജനറൽ മാനേജർ, സപ്ലൈകോ.

സമിതി 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച

ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

## 1. 2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ

ആനന്ദ് മോഡൽ ക്ഷീര സഹകരണ സംഘങ്ങളുടെ ഭരണ സമിതിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനെ സംബന്ധിച്ച ഭേദഗതി നിർദ്ദേശമാണ് 2022-ലെ സഹകരണ സംഘ (ഭേദഗതി) ബില്ലിലുള്ളതെന്നും പ്രസ്തുത ഭേദഗതി പ്രകാരം അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ഭരണത്തിലിരിക്കുന്ന സംഘങ്ങളുടെ പ്രതിനിധികൾക്ക് മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയന്റെ യോഗത്തിൽ പങ്കെടുക്കുന്നതിനും മാനേജിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിനും അവകാശ മുണ്ടായിരിക്കുന്നതാണെന്ന് വ്യക്തത വരുത്തുന്നതിനായി 1969-ലെ കേരള സഹകരണ സംഘം ആക്റ്റിലെ 28-ാം വകുപ്പിലെ 8-ാം ഉപവകുപ്പ് ഭേദഗതിചെയ്യുന്നതിനുള്ള ശിപാർശയാണെന്നും പ്രസ്തുത ഭേദഗതിക്ക് 2021-ലെ 34-ാം ആക്റ്റ് നിലവിൽ വന്ന തീയതി മുതൽ പ്രാബല്യം നൽകാനാണ് ശിപാർശ ചെയ്തിരിക്കുന്നതെന്നും ക്ഷീരവികസന വകുപ്പിന്റെ ശിപാർശ പ്രകാരമാണ് ഭേദഗതി കൊണ്ടു വന്നതെന്നും കൂടാതെ പ്രസ്തുത വകുപ്പിൽ ഭേദഗതി വരുത്താവുന്നതാണെന്ന് നിയമ വകുപ്പും അറിയിച്ചിട്ടുണ്ടെന്നും സഹകരണ വകുപ്പ് സെക്രട്ടറി ആമുഖമായി പറഞ്ഞു.

ക്ഷീര സഹകരണ സംഘങ്ങളുടെ ഘടനയുള്ള മറ്റ് സൊസൈറ്റികളുടെ ഉപരിഘടകങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ സൊസൈറ്റികളെ പ്രതിനിധീകരിച്ച് അഡ്മിനിസ്ട്രേറ്റർക്ക് വോട്ടു ചെയ്യാൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞതിന് അഡ്മിനിസ്ട്രേറ്റർക്ക് വോട്ടു ചെയ്യാൻ സാധിക്കില്ലെന്നും സംഘം ചുമതലപ്പെടുത്തുന്ന ആൾക്കാണ് (Nominee) വോട്ടുചെയ്യാൻ സാധിക്കുന്നതെന്നും സഹകരണ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

ആനന്ദ് മോഡൽ ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിച്ചത് 2021-ലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ആക്റ്റ് അനുസരിച്ചാണെന്നും ഭേദഗതിയിലെ ഭൂരിഭാഗം വ്യവസ്ഥകളും ആനന്ദ് പാറ്റേൺ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ സ്കീമിലേതു പോലെ തന്നെയാണന്നും As the section 28(8) of this act," ……. Delegate the member Anand pattern Milk Co-operative Society to attend the General Body meetings and to contest the election to the managing committee of the Regional Co-operative Milk Producers Union shall be president

or member of Anand pattern milk Co-operative Societies only" എന്നതിൽ " Representative of those societies which are there Administrative Controller/Administrator/obliged administrative committee are also eligible to attend the general body and to exercise voting regional committee" എന്ന നിബന്ധന കൂടി സംയോജിപ്പിച്ചു കൊണ്ട് മാറ്റം വരുത്തണമെന്ന് കൃഷി-ക്ഷീര വികസന വകുപ്പിൽ നിന്നും നിർദ്ദേശിച്ചുവെന്നും ബഹു.കേരള ഹൈക്കോടതിയുടെ 8-4-2022-ലെ ഉത്തരവും സീനിയർ അഡ്വക്കേറ്റിന്റെ നിയമോപദേശമനുസരിച്ച് അഡ്മിനിസ്ട്രേറ്റർ/ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ഭരണത്തിലിരിക്കുന്ന അംഗസംഘങ്ങളായ ആനന്ദ് മോഡൽ ക്ഷീര സഹകരണ സംഘങ്ങളുടെ ഡെലിഗേറ്റിന് റീജിയണൽ സൊസൈറ്റിയുടെ പൊതുയോഗത്തിൽ പങ്കെടുക്കാനും മാനേജിംഗ് കമ്മിറ്റിയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുവാനും അവകാശം ഉണ്ടായിരിക്കുന്നതാണെന്ന് വ്യക്തത വരുത്തിക്കൊണ്ടുള്ള പ്രൊപ്പോസലാണ് ലഭിച്ചതെന്നും സഹകരണ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലെ അംഗങ്ങളാണോ ഡെലിഗേറ്റ് ചെയ്യേണ്ടതെന്ന് സമിതി ആരാഞ്ഞതിന് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് സംഘത്തിൽ നിലവിലുള്ള ഒരു അംഗത്തെ നോമിനേറ്റ് ചെയ്ത് അയയ്ക്കാവുന്നതാണെന്ന് സഹകരണ വകുപ്പ് സെക്രട്ടറി മറുപടി നൽകി.

സഹകരണ സംഘങ്ങളിലെ ഏതെങ്കിലും ക്രമവിരുദ്ധമായ പ്രവർത്തനങ്ങളുടെ പേരിലാണ് തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയെ പിരിച്ചുവിടുകയോ പുറത്താക്കുകയോ ചെയ്യുന്നതെന്നും ഭരണാധികാരം നിയന്ത്രിക്കുന്നതിനായാണ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കുന്നതെന്നും ആ കമ്മിറ്റിയുടെ വോട്ടവകാശം നിലനിർത്തുന്നതിലൂടെ സംഘത്തിന് വോട്ടവകാശം കിട്ടുന്നത് ജനാധിപത്യത്തെ ഉയർത്തിപ്പിടിക്കുന്നതുമാണെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു.

സഹകരണ സംഘങ്ങളിൽ ക്രമക്കേട് നടന്നാൽ കോ-ഓപ്പറേറ്റീവ്സ് സൊസൈറ്റീസ് ആക്ടിലെ സെക്ഷൻ 65 അനുസരിച്ച് എൻക്വയറിക്ക് വിടുകയും ക്രമക്കേട് കണ്ടു പിടിച്ചാൽ സെക്ഷൻ 68(1),(2) അനുസരിച്ച് നോട്ടീസ് കൊടുത്ത് ഹിയറിംഗ് നടത്തിയ ശേഷം സെക്ഷൻ 32 അനുസരിച്ച് കമ്മിറ്റിയെ പിരിച്ചുവിട്ടശേഷം അഡ്മിനിസ്ട്രേറ്റർ/അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിക്കുമെന്നും അപെക്സ് ബോഡിയിലേയ്ക്കുള്ള ഇലക്ഷനിൽ കമ്മിറ്റിക്ക് ഒരാളെ നോമിനേറ്റ് ചെയ്യാനുള്ള അധികാരമുണ്ടെന്നും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയായതു കൊണ്ട് ജനാധിപത്യത്തിന്റെ ഒരു തരത്തിലുള്ള ലംഘനവുമില്ലെന്നും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി സഹകരണ സംഘങ്ങളുടെ പോളിസി മാറ്ററുകൾ തീരുമാനിക്കാൻ പാടില്ലെന്നാണ് നിയമത്തിൽ പറയുന്നതെന്നും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി പുതുതായി അംഗങ്ങളെ ചേർക്കുന്നില്ലെന്നും

എന്നാൽ നിലവിലുള്ള അംഗങ്ങൾക്കുള്ള അവകാശം നിഷേധിക്കുവാൻ കഴിയില്ലെന്നും 1969-ലെ കേരള സഹകരണ സംഘം ആക്റ്റിലെ സെക്ഷൻ 28-ലെ സബ്സെക്ഷൻ 8-ന്റെ ക്ലാരിഫിക്കേഷനാണ് ബില്ലിലുള്ളതെന്നും സമിതി ചെയർമാൻഅഭിപ്രായപ്പെട്ടു.

ബില്ലിലെ 2-ാം ഖണ്ഡത്തിൽ വന്നിട്ടുള്ള ക്ലറിക്കൽ മിസ്റ്റേക്ക് ഒഴിവാക്കാനാണ് രണ്ടാമത്തെ അമെന്റ്മെന്റ് കൊണ്ടു വന്നിട്ടുള്ളതെന്നും ധാരാളം സെക്ഷനുകൾ വരുമ്പോൾ ആക്റ്റിന്റെ പേര് ആവർത്തിക്കാതിരിക്കുവാൻ വേണ്ടി Principal Act എന്ന് ചേർക്കുമെന്നും എന്നാൽ പ്രസ്തുത ബിൽ മുഖേന വരുത്തുന്ന ഭേദഗതിയിൽ ആക്റ്റിന്റെ പേര് ആവർത്തിക്കേണ്ടി വന്നിട്ടില്ലെന്നും ആയതിനാൽ "In section 28 of the Kerala Co-operative Societies Act, 1969(Act 21 of 1969) (hereinafter referred to as Principal Act) എന്നുള്ളതിലെ 'hereinafter referred to as Principal Act' എന്നുള്ള പദങ്ങൾ ഒഴിവാക്കണമെന്ന് സഹകരണ വകുപ്പ് സെക്രട്ടറി സമിതി യോഗത്തിൽ അഭ്യർത്ഥിച്ചു.

പ്രസ്തുത ബിൽ ചുവടെ ചേർക്കുന്ന ഭേദഗതിയോടു കൂടി സമിതി അംഗീകരിച്ചു.

In Clause 2, the words and symbols "(hereinafter referred to as the principal Act)" shall be omitted and for the words, figure and bracket "to sub-section (8)" the words, figure and bracket "in sub-section (8)" shall be substituted.

In Clause 2, for the proviso sought to be added to section 28 of the principal Act, the following proviso may be substituted, namely:—

"Provided that nothing contained in this sub-section shall affect the right of a delegate nominated by an Administrator or Administrative Committee of the member Anand Pattern Milk Co-operative Society to participate in the general body meeting of the Regional Co-operative Milk Producers' Union and to vote in the election to constitute the Managing Committee of the Regional Co-operative Milk Producers' Union.".

സമിതിയംഗങ്ങളായ സർവ്വശ്രീ അബ്ദുൽ ഹമീദ് പി., ഡോ. മാത്യു കുഴൽനാടൻ, സജീവ് ജോസഫ് എന്നിവർ ബില്ലിന്മേലുള്ള വിയോജനക്കുറിപ്പ് നൽകി.

**2. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സഹകരണം, ഭക്ഷ്യപൊതുവിതരണം, ഉപഭോക്തൃകാര്യം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ**

പ്രസ്തുത റിപ്പോർട്ടിലെ 1 മുതൽ 15 വരെയുള്ള ശിപാർശകളിന്മേൽ സഹകരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ 16 മുതൽ 19 വരെയുള്ള ശിപാർശകളിന്മേൽ ലീഗൽ മെട്രോളജി വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

പ്രസ്തുത റിപ്പോർട്ടിലെ 20, 21, 22, 23, 24, 26, 27, 28, 30, 31, 32 എന്നീ ശിപാർശകളിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

**3. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്**

(ഫയൽ നം.12004/സബ്സിജി1/2021/നിസെ)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

4. 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട്

(ഫയൽ നം.10180/സബ്സിജി1/2022/നിസെ)

പ്രസ്തുത റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 4.45-ന് അവസാനിച്ചു.

## 23-8-2022-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2022 ആഗസ്റ്റ് 23-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനു ശേഷം വൈകുന്നേരം 6.15-ന് നിയമസഭാ സമുച്ചയത്തിലെ 5 ബി സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു സഹകരണവും രജിസ്ട്രേഷനും സാംസ്കാരികവും വകുപ്പു മന്ത്രി ശ്രീ. വി. എൻ. വാസവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യ-പൊതുവിതരണ വകുപ്പു മന്ത്രിയുമായ ശ്രീ. ജി. ആർ. അനിൽ ഹാജരായിരുന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. അബ്ദുൽ ഹമീദ് പി., എം.എൽ.എ.
2. ശ്രീ. ആന്റണി ജോൺ, എം.എൽ.എ.

3. ശ്രീ സജീവ് ജോസഫ്, എം.എൽ.എ.

4. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

5. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, എം.എൽ.എ.

6. ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി

2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്

2. ശ്രീ. രാജേഷ് പി. എസ്. ,സ്പെഷ്യൽ സെക്രട്ടറി,സഹകരണ വകുപ്പ്

3. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

4. ശ്രീ. അലക്സ് വർഗ്ഗീസ്, രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

സമിതി 2022-ലെ കേരള സഹകരണ സംഘ(രണ്ടാം ഭേദഗതി ) ബിൽ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി കേരള കോ-ഓപ്പറേറ്റീവ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1962-ന്റെ ഭേദഗതി സംബന്ധിച്ച കരട് വിജ്ഞാപനം എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

## 1. 2022-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി ) ബിൽ

2022-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റിലെ 2(ii)(ഐ എ) വകുപ്പ് പ്രകാരം രണ്ട് വർഷത്തിനകം മലപ്പുറം ജില്ലാ ബാങ്കിന്റെ ലയന നടപടികൾ പൂർത്തീകരിച്ചില്ലെങ്കിൽ നിയമസാധുത ഇല്ലാതാകുമെന്നുള്ളതുകൊണ്ട് സഹകരണസംഘം രജിസ്ട്രാർക്ക് വകുപ്പ് 74 എച്ച്-ന്റെ (1)-ാം ഉപവകുപ്പിലെ (എ), (ബി), (സി) ഖണ്ഡങ്ങൾ പ്രകാരം നടപടി സ്വീകരിക്കാമെന്നും ലയനപ്രക്രിയയ്ക്ക് റിസർവ് ബാങ്കിന്റെ അനുമതി ലഭ്യമാക്കി നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ടെന്നും ആയതു സംബന്ധിച്ച് നിലവിലുണ്ടായിരുന്ന കേസുകൾ തീർപ്പാക്കി സ്റ്റേ ഒഴിവാക്കിയിട്ടുണ്ടെന്നും നിയമപ്രകാരം സംഘങ്ങൾക്ക് ലയനനോട്ടീസ് കൊടുത്തപ്പോൾ ലഭിച്ച നിർദ്ദേശങ്ങളും എതിർപ്പുകളും

പരിശോധിച്ച്  അതിൽ നിന്നും ഉചിതമായ ഭേദഗതി നിർദ്ദേശങ്ങൾ സ്വീകരിച്ചും ലയനത്തോട് താല്പര്യമില്ലാത്തവർക്ക് വിട്ടുപോകുന്നതിനുള്ള അവസരം കൊടുത്തുകൊണ്ടുള്ള വിപുലമായ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ  രണ്ട് വർഷ കാലാവധിക്കുള്ളിൽ സാധിക്കാത്തതിനാൽ കാലാവധി മൂന്ന് വർഷമായി നീട്ടുന്നതിനുള്ള ഭേദഗതി നിർദ്ദേശമാണ് സമർപ്പിക്കുന്നതെന്നും 2020 ജനുവരി 15-ന് പ്രാബല്യത്തിൽ വന്ന പ്രസ്തുത ആക്റ്റ് അനുസരിച്ച് 15-1-2022-ന്  ലയന കാലാവധിയായ രണ്ട് വർഷം കഴിയുമെന്നുള്ളതിനാൽ 13-1-2022-ൽ ഓർഡിനൻസ് പുറപ്പെടുവിക്കുകയും എന്നാൽ പ്രസ്തുത ഓർഡിനൻസിന്റെ കാലപരിധി അവസാനിച്ചതിനെ തുടർന്നാണ് ഭേദഗതി ബിൽ കൊണ്ടു വന്നതെന്നും ആയതിന് 13-1-2022 മുതൽ പ്രാബല്യം നൽകണമെന്നും  സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത ബിൽ  ഭേദഗതി കൂടാതെ  സമിതി അംഗീകരിച്ചു.

സമിതിയംഗങ്ങളായ സർവ്വശ്രീ അബ്ദുൽ ഹമീദ് പി.,സജീവ് ജോസഫ് എന്നിവർ ബില്ലിന്മേലുള്ള വിയോജനക്കുറിപ്പ് നൽകി.

**2. ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി കേരള കോ-ഓപ്പറേറ്റീവ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1962-ന്റെ ഭേദഗതി സംബന്ധിച്ച കരട് വിജ്ഞാപനം**

(ഫയൽ നം.8986/സബ്സിജി1/2022/നി.സെ.)

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റിൽ സൃഷ്ടിച്ച ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയുടെ യോഗ്യത ഏതെങ്കിലും വിഷയത്തിൽ അംഗീകൃത സർവ്വകലാശാല ബിരുദത്തോടൊപ്പം കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ഡിപ്ലോമയും ആയി നിശ്ചയിക്കുന്നതിനു വേണ്ടി കേരള കോ-ഓപ്പറേറ്റീവ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി ചെയ്യാനാണ് പ്രസ്തുത വിജ്ഞാപനം സമർപ്പിച്ചതെന്നും ആയതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടെന്നും  ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ പരിജ്ഞാനമുള്ള  ജീവനക്കാരെ വേണമെന്ന്  ആഡിറ്റ് ഡയറക്ടറുടെ ശിപാർശയുണ്ടെന്നും ആയതിന്മേൽ നിയമ വകുപ്പിന്റേയും പബ്ലിക് സർവ്വീസ് കമ്മീഷന്റേയും സൂക്ഷ്മ പരിശോധന കഴിഞ്ഞതാണെന്നും  സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയുടെ യോഗ്യത ഭേദഗതി ചെയ്യുന്നതു വഴി നിലവിൽ പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ  സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് സഹകരണ ആഡിറ്റ് ഡയറക്ടറേറ്റിൽ  പ്രസ്തുത തസ്തികയിൽ നിലവിൽ ആരേയും നിയമിച്ചിട്ടില്ലായെന്നും 2008-ലാണ് പ്രസ്തുത തസ്തിക സൃഷ്ടിക്കപ്പെട്ടതെന്നും

തസ്തികയ്ക്ക് പി.എസ്.സി.-യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും സമിതിയുടെ അംഗീകാരം ലഭ്യമായാൽ പി.എസ്.സി. റിക്രൂട്ട്മെന്റ് നടത്തുന്നതാണെന്നും സഹകരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തെ കുറിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത തസ്തിക സൃഷ്ടിച്ച ശേഷം താല്ക്കാലികമായി രണ്ടു പേരെ നിയമിച്ചുവെന്നും തസ്തിക നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ധനകാര്യ വകുപ്പ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക നിലനിർത്തണമെന്ന് സഹകരണ ആഡിറ്റ് ഡയറക്ടർ ശിപാർശ ചെയ്തതെന്നും വകുപ്പ് സെക്രട്ടറി മറുപടി നൽകി.

ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തിക സ്റ്റാഫ് പാറ്റേണിൽ ചേർക്കാൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞതിന് 2008-ൽ സ്റ്റാഫ് പാറ്റേണിൽ ചേർത്തിട്ടുണ്ടെന്നും തസ്തികയുടെ അടിസ്ഥാന യോഗ്യതകളും അതിന്റെ നടപടിക്രമങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന്റെ ശിപാർശ, പി.എസ്.സി-യുടെ പരിശോധന, നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധന എന്നിവയെല്ലാം കഴിഞ്ഞശേഷമാണ് സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുന്നതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത കരട് വിജ്ഞാപനം സമിതി അംഗീകരിച്ചു.

യോഗം വൈകുന്നേരം 6.30-ന് അവസാനിച്ചു.

## 26-10-2022-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2022 ഒക്ടോബർ 26-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 5-എ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു സഹകരണവും രജിസ്ട്രേഷനും സാംസ്കാരികവും വകുപ്പു മന്ത്രി ശ്രീ. വി. എൻ. വാസവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയുമായ ശ്രീ. ജി. ആർ. അനിൽ വീഡിയോ കോൺഫറൻസിലൂടെ പങ്കെടുക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും പങ്കെടുത്തു.

1. ശ്രീ. അബ്ദുൽ ഹമീദ് പി., എം.എൽ.എ.

2. ശ്രീ. ആന്റണി ജോൺ, എം.എൽ.എ. (വീഡിയോ കോൺഫറൻസ് മുഖേന)

3. ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

4. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

5. ശ്രീ. ജി. സ്റ്റീഫൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി

2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. അലക്സ് വർഗ്ഗീസ്, രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി

2. ശ്രീമതി സോണിയ സോമൻ ടി., അഡീഷണൽ രജിസ്ട്രാർ, കോ -ഓപ്പറേറ്റീവ് സൊസൈറ്റി

3. ശ്രീ. പി. കെ. ഗോപകുമാർ, ജോയിന്റ് സെക്രട്ടറി., സഹകരണ വകുപ്പ്

4. ശ്രീ. ആർ. സുരേഷ് ബാബു, ജോയിന്റ് സെക്രട്ടറി., നിയമവകുപ്പ്

5. ശ്രീ. അനിൽ കുമാർ പി. കെ., ഡെപ്യൂട്ടി സെക്രട്ടറി., സഹകരണ വകുപ്പ്.

സഹകരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ എസ്.ആർ.ഒ.-കൾ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

**1. കേരള സഹകരണ സംഘം (ഭേദഗതി) റൂൾ, 2021**

**എസ്.ആർ.ഒ. നമ്പർ 1004/2021**

(ഫയൽ നമ്പർ 1675/സബ്.സി ജി1/2022/നി.സെ.)

1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് റൂൾസിലെ റൂൾ 185(1) പ്രകാരം അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ്, തിരുവനന്തപുരം/കണ്ണൂർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് (KIMB), ആലപ്പുഴ എന്നീ സ്ഥാപനങ്ങൾ നടത്തുന്ന ഹ്രസ്വകാല പരിശീലന കോഴ്സുകളിൽ പങ്കെടുക്കാതെ മിനിസ്റ്റീരിയൽ സ്റ്റാഫിന് സ്ഥാനക്കയറ്റമോ ഇൻക്രിമെന്റോ ലഭിക്കില്ലെന്ന് വ്യവസ്ഥയുണ്ടായിരുന്നെന്നും മേൽപ്പറഞ്ഞ

സ്ഥാപനങ്ങളോടൊപ്പം എം. ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി ലിമിറ്റഡിനെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് റൂൾസിൽ ഭേദഗതി വരുത്തുന്നതിനാണ് പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം പുറപ്പെടുവിച്ചതെന്നും കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്ട്രാർ സമിതിയെ അറിയിച്ചു.

പ്രസ്തുത എസ്.ആർ.ഒ. പ്രസിദ്ധപ്പെടുത്തിയ നടപടി സമിതി സാധൂകരിച്ചു.

**2. കേരള സഹകരണ സംഘം (ഭേദഗതി) റൂൾ ,2021**

**എസ്.ആർ.ഒ. നമ്പർ 1023/2021**

(ഫയൽ നമ്പർ 1678/സബ്.സി ജി1/2022/നി.സെ.)

സഹകരണ സംഘം പരീക്ഷാ ബോർഡ് നടത്തുന്ന സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് ക്രമക്കേടുണ്ടെന്ന ആരോപണം ഉയർന്നതിനെ തുടർന്നുള്ള വിജിലൻസ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം റൂൾസിൽ ഭേദഗതി വരുത്തുന്നതിന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്ട്രാർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ അംഗീകരിക്കുകയും യോഗ്യതാ നിർണ്ണയ പരീക്ഷയിൽ ഓരോ വർഷ സർവ്വീസിനും അര മാർക്ക് വീതം പരമാവധി പത്ത് മാർക്ക് ഗ്രേസ് മാർക്കായി അനുവദിച്ചിരുന്ന ക്ലോസ് എടുത്തുമാറ്റിക്കൊണ്ട് മെരിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം സ്ഥാനക്കയറ്റം നിശ്ചയിക്കാനുള്ള തീരുമാനവുമായി ബന്ധപ്പെട്ട ഭേദഗതികൾ ഉൾപ്പെടുത്തുന്നതിനാണ് പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം പുറപ്പെടുവിച്ചതെന്ന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്ട്രാർ സമിതിയെ അറിയിച്ചു.

പ്രസ്തുത എസ്.ആർ.ഒ. പ്രസിദ്ധപ്പെടുത്തിയ നടപടി സമിതി സാധൂകരിച്ചു.

**3. കേരള സഹകരണ സംഘം (ഒന്നാം ഭേദഗതി) റൂൾ, 2022**

**എസ്.ആർ.ഒ. നമ്പർ 14/2022**

(ഫയൽ നമ്പർ 1673/സബ്.സി. ജി1/2022/നി.സെ.)

1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് റൂൾസിലെ റൂൾ 185(10) പ്രകാരം ക്ലാർക്ക് തസ്തികയിൽ 1:4 എന്ന അനുപാതത്തിൽ പ്രൊമോഷൻ വഴിയും നേരിട്ടും നിയമനം നടത്താമെന്നും 25-11-2014 വരെ ഫീഡർ കാറ്റഗറിയിലുള്ളവർക്ക് 2017 വരെ മൂന്ന് വർഷത്തേയ്ക്ക് റിലാക്സേഷൻ അനുവദിച്ചുകൊണ്ടും വ്യവസ്ഥയുണ്ടായിരുന്നതായും ഇതുസംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ ഓഫീസിൽ നിരവധി അപേക്ഷകൾ

ലഭിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് 18-12-2021-ൽ സഹകരണ ബാങ്ക് ജീവനക്കാരുടെ വിവിധ സംഘടനകളുമായി സഹകരണ വകുപ്പുമന്ത്രി ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 25-11-2014-ൽ സേവനത്തിൽ ഉണ്ടായിരുന്നതും പിന്നീട് യോഗ്യത നേടിയിട്ടുള്ളതുമായ എല്ലാ സബ് സ്റ്റാഫിനും ഉദ്യോഗക്കയറ്റം ലഭിക്കുന്ന രീതിയിൽ ചട്ടം ഭേദഗതി ചെയ്യാൻ തീരുമാനിച്ചതിനെത്തുടർന്ന് അവരുടെ പ്രൊമോഷന് 1:4 എന്ന റേഷ്യോ ഒഴിവാക്കിക്കൊണ്ടും എന്നാൽ ക്ലറിക്കൽ തസ്തികയിലേയ്ക്ക് നേരിട്ട് നിയമനം നടത്തുന്നതിന് ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളതും നേരിട്ടുള്ള നിയമനത്തിന് തുടർനടപടികൾ ആരംഭിച്ചിട്ടുള്ളതുമായ സഹകരണ സംഘങ്ങളെ ഈ വ്യവസ്ഥയിൽനിന്നും ഒഴിവാക്കിയുമുള്ള ഭേദഗതി ഉൾപ്പെടുത്തുന്നതിനാണ് പ്രസ്തുത എസ്.ആർ.ഒ. വിജ്ഞാപനം പുറപ്പെടുവിച്ചതെന്ന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്ട്രാർ സമിതിയെ അറിയിച്ചു.

പ്രസ്തുത എസ്.ആർ.ഒ. പ്രസിദ്ധപ്പെടുത്തിയ നടപടി സമിതി സാധൂകരിച്ചു.

**4. 1962-ലെ കേരള സഹകരണ സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) ചട്ടങ്ങൾ, 2022**

**എസ്.ആർ.ഒ. നമ്പർ140/2022**

(ഫയൽ നമ്പർ 5355/സബ്.സി. ജി1/2022/നി.സെ.)

1962-ലെ കേരള കോ-ഓപ്പറേറ്റീവ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് (Kerala Co-operative Subordinate Service Rules, 1962) രൂപീകരിക്കുന്ന സമയത്ത് ബി.എ, ബി.എസ്.സി, ബി.കോം എന്നീ ബിരുദ കോഴ്സുകൾ മാത്രമേ നിലവിലുണ്ടായിരുന്നുള്ളൂ. ബി.ടെക്, ബി.ബി.എ, ബി.സി.എ, ബി.എ.എൽ. എന്നിങ്ങനെ വിവിധങ്ങളായ ബിരുദ കോഴ്സുകൾ നിലവിൽ വന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെയും ഉദ്യോഗാർത്ഥികളുടെയും നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചതിന്റെ ഫലമായി സർക്കാർ 1962-ലെ കേരള കോ-ഓപ്പറേറ്റീവ് സബോർഡിനേറ്റ് സർവ്വീസ് റൂൾ ഭേദഗതി ചെയ്യാൻ തീരുമാനിക്കുകയും അതു പ്രകാരം 1962-ലെ കേരള കോ-ഓപ്പറേറ്റീവ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ചട്ടം (5) ഏതെങ്കിലും അംഗീകൃത സർവ്വകലാശാല ബിരുദ യോഗ്യത എന്നാക്കി ഭേദഗതി ചെയ്ത് 21-6-2021-ൽ സ.ഉ.(അ)നം.99/2021/സഹ. നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചതിനെത്തുടർന്ന്, പി.എസ്.സി. നടത്തിയ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ ക്വാളിഫിക്കേഷൻ സംബന്ധിച്ച് പ്രശ്നം ഉയർന്നുവന്നതിനാൽ പി.എസ്.സി.-യുടെ അനുവാദത്തോടെ അതിൽ ഒരു സേവിങ് ക്ലോസ് കൂടി ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യുന്നതിനാണ് പ്രസ്തുത എസ്.ആർ.ഒ. കൊണ്ടുവന്നതെന്നും സഹകരണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ

അറിയിച്ചപ്പോൾ, വിശദീകരണ കുറിപ്പിൽ ഏതെങ്കിലും സർവ്വകലാശാല ബിരുദം എന്നു മാത്രമേ പരാമർശിച്ചിട്ടുള്ളൂ എന്നും അതിൽ വ്യക്തത വരുത്തുന്നത് ഉചിതമായിരിക്കുമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു.

പ്രസ്തുത എസ്.ആർ.ഒ. പ്രസിദ്ധപ്പെടുത്തിയ നടപടി സമിതി സാധൂകരിച്ചു.

**5. 1969-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ചട്ടങ്ങൾ, 2022**

**എസ്.ആർ.ഒ. നമ്പർ 349/2022**

(ഫയൽ നമ്പർ 8753/സബ്.സി. ജി1/2022/നി.സെ.)

സഹകരണ ചട്ടം 186(4) പ്രകാരം അപ്പെക്സ് സൊസൈറ്റികളിലേയ്ക്കുള്ള നിയമന ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നതിനുശേഷം നേരത്തെയുള്ള ഫീഡർ കാറ്റഗറി റൂൾസിന് വാലിഡിറ്റിയില്ലെന്ന രീതിയിൽ ഭേദഗതി വരുത്തുന്നതാണ് സഹകരണ ചട്ടം 186(4) എന്ന് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ) സമിതിയെ അറിയിച്ചു. ജില്ലാ സഹകരണ ബാങ്കുകൾ നിലവിലുണ്ടായിരുന്നപ്പോൾ ഫീഡർ കാറ്റഗറി റൂൾസ് പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നെന്നും എന്നാൽ റിക്രൂട്ട്മെന്റ് റൂൾസ് പ്രകാരം ടൈപ്പിസ്റ്റ് തസ്തികയ്ക്ക് പ്രൊമോഷൻ ഇല്ലെന്നും പല ജില്ലാ സഹകരണ ബാങ്കുകളും അവരുടെ റിക്രൂട്ട്മെന്റ് റൂൾസ് പരിഷ്കരിച്ച് ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടായിരുന്നെന്നും 18-11-1998-ൽ റിക്രൂട്ട്മെന്റ് റൂൾസ് പ്രാബല്യത്തിൽ വന്നതിനുശേഷവും ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ വേണമെന്നാവശ്യപ്പെട്ട് അനേകം കേസുകൾ നിലവിലുണ്ടായിരുന്നതായും അവർ സമിതിയിൽ വിശദീകരിച്ചു.

അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ആവശ്യമായ യോഗ്യതയുണ്ടെങ്കിൽ മാത്രമേ ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നായാൽപോലും പ്രൊമോട്ട് ചെയ്യാവൂ എന്ന് സമിതി അംഗം പറഞ്ഞപ്പോൾ അത് ശരിയാണെങ്കിലും പി.എസ്.സി. അംഗീകരിച്ച റിക്രൂട്ട്മെന്റ് റൂൾസിൽ ക്ലാർക്ക്/കാഷ്യർ തസ്തികയിൽ നിന്നാണ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ വ്യവസ്ഥ ചെയ്തിരുന്നതെന്നും എന്നാൽ ഫീഡർ കാറ്റഗറി റൂൾസിൽ ടൈപ്പിസ്റ്റിൽനിന്നും അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ വ്യവസ്ഥ ചെയ്തിരുന്നെന്നും ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും പ്രൊമോഷൻ ആവശ്യപ്പെട്ട് കേസുകൾ വന്നതിന്റെ ഫലമായി റിക്രൂട്ട്മെന്റ് റൂൾസിന് 18-11-1998 മുതൽ മുൻകാല പ്രാബല്യത്തോടെ അംഗീകാരം നൽകിക്കൊണ്ട് ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക്

പ്രൊമോഷൻ കൊടുക്കാൻ പാടില്ലെന്ന് സ്ഥിരീകരിച്ചുകൊണ്ട് വന്ന ഭേദഗതിയാണിതെന്നും കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ) സമിതിയെ അറിയിച്ചു.

പ്രസ്തുത എസ്.ആർ.ഒ. പ്രസിദ്ധപ്പെടുത്തിയ നടപടി സമിതി സാധൂകരിച്ചു.

**6. 1969-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ചട്ടങ്ങൾ, 2022**

**എസ്.ആർ.ഒ. നമ്പർ 278/2022**

(ഫയൽ നമ്പർ 9861/സബ്.സി. ജി1/2022/നി.സെ.)

സഹകരണ നിയമത്തിലെ 182(4)(viii)-ൽ നേരത്തെയുണ്ടായിരുന്ന വ്യവസ്ഥയനുസരിച്ച് എക്സാമിനേഷൻ റൂൾ നോട്ടിഫിക്കേഷനിൽ പറയുന്ന ഒഴിവുകളിലേയ്ക്ക് മാത്രമേ രണ്ടുവർഷ കാലാവധിയുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ പാടുള്ളു എന്നും അതിനിടയിൽ വരുന്ന ഒഴിവുകൾക്ക് പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ വ്യവസ്ഥയില്ലെന്നും അതുകൊണ്ട് രണ്ട് വർഷ കാലാവധിക്കുള്ളിൽ ഉണ്ടാകുന്ന വേക്കൻസികളിലേയ്ക്കു കൂടി നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനു വേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നതെന്ന് അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ), കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് സമിതിയെ അറിയിച്ചു.

പ്രസ്തുത എസ്.ആർ.ഒ. പ്രസിദ്ധപ്പെടുത്തിയ നടപടി സമിതി സാധൂകരിച്ചു.

**7. 1969-ലെ കേരള സഹകരണ സംഘം (നാലാം ഭേദഗതി) ചട്ടങ്ങൾ, 2022**

**എസ്.ആർ.ഒ. നമ്പർ 765/2022**

(ഫയൽ നമ്പർ 15840/സബ്.സി. ജി1/2022/നി.സെ.)

കേരള സഹകരണ സംഘം റൂൾസ്, 1969-ലെ ചട്ടം 185(2)-ന് ശേഷം 2(a), 2(b), 2(c) എന്നീ ഉപചട്ടങ്ങൾ ഉൾപ്പെടുത്തുന്ന ഭേദഗതിയാണിത്. അസിസ്റ്റന്റ് സെക്രട്ടറി/മാനേജർ തസ്തികയിലേയ്ക്കുള്ള പ്രൊമോഷനുമായി ബന്ധപ്പെട്ട് 10 കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലും അർബൻ ബാങ്കുകളിലും അസിസ്റ്റന്റ് സെക്രട്ടറി/മാനേജർ തസ്തികകളിൽ 3:1 എന്ന അനുപാതത്തിൽ പ്രൊമോഷൻ വഴിയും നേരിട്ടും നിയമനം നൽകണമെന്നും എന്നാൽ ഒരു സമയത്ത് നേരിട്ട് നിയമനം നടത്താതിരുന്നാൽ 20 ശതമാനത്തിൽ കൂടുതൽ പ്രൊമോഷൻ വഴിയുള്ള നിയമനം പാടില്ലെന്നും വ്യവസ്ഥയുണ്ടായിരുന്നെന്നും തിരൂർ കോ-ഓപ്പറേറ്റീവ് ബാങ്കിൽ 1991-നുശേഷം അഞ്ചോളം തസ്തികകളിൽ പ്രൊമോഷൻ വഴി നിയമനം നടത്തിയതായും

പിന്നീട് ഒരു തസ്തികയിൽ ഒഴിവ് വന്നപ്പോൾ സഹറുദ്ദീൻ ഹഷ്മി നേരിട്ടുള്ള നിയമനത്തിനും എം. പി. മണി പ്രൊമോഷൻ വഴിയുള്ള നിയമനത്തിനും അപേക്ഷിച്ചപ്പോൾ രണ്ട് കേസുകളും കോടതി ഒരുമിച്ച് പരിഗണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കോടതിയുടെ നിർദ്ദേശപ്രകാരം 20 കോടി രൂപ വരെ നിക്ഷേപമുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലും അർബൻ ബാങ്കുകളിലും അസിസ്റ്റന്റ് സെക്രട്ടറി/മാനേജർ തസ്തികയിൽ 3:1 അനുപാതം, 20 കോടി രൂപ മുതൽ 100 കോടി രൂപ വരെയുള്ളവയിൽ 2:1 അനുപാതം, 100 കോടി രൂപയ്ക്ക് മുകളിലുള്ളവയിൽ 1:1 അനുപാതം എന്നിങ്ങനെ വ്യവസ്ഥ ചെയ്തുകൊണ്ട് പുറപ്പെടുവിച്ച എസ്.ആർ.ഒ. ആണിതെന്നും കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് രജിസ്ട്രാർ സമിതിയെ അറിയിച്ചു..

പ്രസ്തുത എസ്.ആർ.ഒ. പ്രസിദ്ധപ്പെടുത്തിയ നടപടി സമിതി സാധൂകരിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 2.45-ന് അവസാനിച്ചു.

## 17-2-2023-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2023 ഫെബ്രുവരി 17-ാം തീയതി വെള്ളിയാഴ്ച ഉച്ചയ്ക്ക്ശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ 3 എ സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. അബ്ദുൽ ഹമീദ് പി., എം.എൽ.എ. (ഗൂഗിൾ മീറ്റ് മുഖേന)
2. ശ്രീ. ആന്റണി ജോൺ., എം.എൽ.എ. (ഗൂഗിൾ മീറ്റ് മുഖേന)
3. ശ്രീ. പി. വി അൻവർ., എം.എൽ.എ. (ഗൂഗിൾ മീറ്റ് മുഖേന)
4. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ., എം.എൽ.എ.
5. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ., എം.എൽ.എ.
6. ശ്രീ. ജി. സ്റ്റീഫൻ., എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി
2. ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീ. അലി അസ്കർ പാഷ, സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്
3. ഡോ. ഡി. സജിത് ബാബു, കമ്മീഷണർ, പൊതു വിതരണ ഉപഭോക്തൃകാര്യ വകുപ്പ്
4. ശ്രീ. രാജേഷ് പി. എസ്., സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്
5. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീ. സഞ്ജീബ് പട്ജോഷി, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ (ഗൂഗിൾ മീറ്റ് മുഖേന)
7. ശ്രീമതി ഷെറിൻ എം. എസ്., ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്
8. ശ്രീമതി ശോഭ വി. ആർ., ജോയിന്റ് സെക്രട്ടറി, പൊതുവിതരണ വകുപ്പ്
9. ശ്രീമതി ഷീബ കെ. പി., ജോയിന്റ് സെക്രട്ടറി, പൊതുവിതരണ വകുപ്പ്
10. ശ്രീമതി സിന്ധു സി. കെ., ജോയിന്റ് രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
11. ശ്രീമതി രാജശ്രീ എസ്., അസിസ്റ്റന്റ് രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
12. ഡോ. എം. രാമനുണ്ണി, ഡയറക്ടർ, അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്
13. ശ്രീ. ജോൺ വി. സാമുവൽ, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്
14. ശ്രീ. പ്രഭിത് എസ്, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് കോ-ഓപ്പറേറ്റീവ് ആഡിറ്റ്
15. ശ്രീ അബ്ദുൾ ഹഫീസ് എം., ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്
16. ശ്രീമതി റീനാഗോപാൽ ആർ., അഡീഷണൽ കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്
17. ശ്രീമതി പ്രീതി ലിയോനോൾഡ്, ഫിനാൻസ് ഓഫീസർ, ലീഗൽ മെട്രോളജി വകുപ്പ്
18. ശ്രീമതി റാണി അഹമ്മദ്, ഫിനാൻസ് ഓഫീസർ, ഭക്ഷ്യ പൊതുവിതരണ വകുപ്പ്

19. ശ്രീ. റോയി എബ്രഹാം, ചീഫ് ജനറൽ മാനേജർ, കേരള ബാങ്ക്

20. ശ്രീ. സുഭാഷ് വി., ചീഫ് അക്കൗണ്ട്സ് ഓഫീസർ, പൊതുവിതരണ വകുപ്പ്.

**സമിതി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട XXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.**

3475-00-106-99.06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ - വാടക, കരം, നികുതി

14 താലൂക്കുകളിൽ പുതുതായി രൂപീകരിച്ചതും വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്നതുമായ ഇൻസ്പെക്ടറാഫീസുകളുടെ വാടക നൽകുന്നതിനും മറ്റ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ച 38.83 ലക്ഷം രൂപ അപര്യാപ്തമാണെന്ന് ലീഗൽ മെട്രോളജി ഡയറക്ടർ സമിതിയെ ബോധ്യപ്പെടുത്തുകയും 83 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശചെയ്യുവാൻ സമിതി തീരുമാനിക്കുയും ചെയ്തു.

3475-00-106-99-21.2—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം മെട്രിക് സമ്പ്രദായം നടപ്പാക്കൽ-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പരിശോധനകളും മറ്റും തുടർച്ചയായി നടത്തുന്നതിനാൽ സ്ഥിരമായി വാഹനങ്ങൾ ഉപയോഗിക്കേണ്ടിവരുന്നതായും വാഹനങ്ങൾക്ക് അറ്റകുറ്റപ്പണികൾ ചെയ്യേണ്ടി വരുന്നുണ്ടെന്നും ലീഗൽ മെട്രോളജി കൺട്രോളർ സമിതി യോഗത്തിൽ വിശദീകരിച്ചു. പ്രസ്തുത ആവശ്യത്തിനായി നിലവിൽ അനുവദിച്ച 6.68 ലക്ഷം രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുകയും ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

3475-00-106-99-45—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം-മെട്രിക് സമ്പ്രദായം നടപ്പാക്കൽ-പി.ഒ.എൽ.

പ്രസ്തുത ശീർഷകത്തിൽ 2023-24 സാമ്പത്തിക വർഷം 33.68 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നും വകുപ്പിലെ വാഹനങ്ങളുടെ ഇന്ധന ആവശ്യങ്ങൾക്ക് ഈ തുക തികച്ചും അപര്യാപ്തമാണെന്നും ലീഗൽ മെട്രോളജി കൺട്രോളർ സമിതിയെ അറിയിക്കുകയും

30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അതിനാൽ പ്രസ്തുത ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

5475-00-800-79—ലീഗൽ മെട്രോളജി വകുപ്പിന്റെ നവീകരണ പ്രവൃത്തികൾ

കോട്ടയം ജില്ലയിലെ നാട്ടകം വില്ലേജിൽ ഓഫീസ് കെട്ടിടം / ലബോറട്ടറി കോംപ്ലക്സ് നിർമ്മാണത്തിനുള്ള വർക്കുകൾ സംസ്ഥാന നിർമിതി കേന്ദ്രം മുഖേന അടുത്ത സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതിലേക്കായി മേൽ ശീർഷകത്തിൽ അനുവദിച്ച 92.47 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 3.49045 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ലീഗൽ മെട്രോളജി കൺട്രോളർ സമിതിയോട് അഭ്യർത്ഥിച്ചു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 3.49045 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**സമിതി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ഭക്ഷ്യപൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.**

ഭക്ഷ്യ പൊതുവിതരണ വകുപ്പുമായി ബന്ധപ്പെട്ട് നോൺ പ്ലാൻ ഇനത്തിൽ മൂന്ന് ശീർഷകങ്ങളും പ്ലാൻ ഇനത്തിൽ മൂന്ന് ശീർഷകങ്ങളും ഉൾപ്പെടെ 6 ശീർഷകങ്ങളിലായി ആകെ 931.17 കോടി രൂപയാണ് അധികമായി ആവശ്യപ്പെടുന്നതെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ സമിതി യോഗത്തിൽ വിശദീകരിച്ചു.

2408-01-101-96-33—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ-സബ്സിഡികൾ

2023-24 വർഷം 7.75 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരണം നടക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2023-24 വർഷം നിലവിലെ സംസ്ഥാന പ്രോത്സാഹന ബോണസ് നിരക്ക് Rs.7.80/Kg ക്രമത്തിൽ 682 കോടി രൂപയും 2023-24 വർഷത്തെ ബാങ്ക് പലിശ ഇനത്തിൽ 30 കോടി രൂപയും ഔട്ട് ടേൺ റേഷ്യോ ഇനത്തിൽ 90 കോടി രൂപയും സംസ്ഥാന പ്രോത്സാഹന ബോണസ് നിരക്ക് വർദ്ധനവ് വരുത്തുന്ന സാഹചര്യത്തിൽ ആയതിന് 50 കോടി രൂപയും ഉൾപ്പെടെ ആകെ 852 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും ആയതിനാൽ 2408-01-101-96—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും നെല്ല് സംഭരിക്കൽ-33-സബ്സിഡികൾ

(നോൺ പ്ലാൻ) ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള 577.5 കോടി രൂപയ്ക്ക് പുറമെ 274.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ സമിതി യോഗത്തിൽ ആവശ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 274.5 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2408-01-101-94—റേഷൻ സബ്സിഡി

2408-01-101-94—റേഷൻ സബ്സിഡി എന്ന പ്രധാന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 507.94 കോടി രൂപയിൽ 216 കോടി രൂപ നോർമൽ NFSA ഭക്ഷ്യധാന്യ വിതരണത്തിനാവശ്യമായ കമ്മീഷൻ തുകയ്ക്കുള്ള - 02-33-ARD കമ്മീഷൻ എന്ന ഉപശീർഷകത്തിനായി നീക്കിവച്ചിട്ടുള്ളതാണ്. 2023-24 കേന്ദ്ര ബഡ്ജറ്റിൽ PMGKAY പദ്ധതി 2023-24 സാമ്പത്തിക വർഷത്തിലും തുടരുമെന്ന് പ്രഖ്യാപിച്ചി ട്ടുള്ളതിനാൽ അതിനായി 144 കോടി രൂപയും, 2023 ജനുവരി മുതൽ NFSA റേഷൻ സൗജന്യമാക്കിയിട്ടുള്ളതിനാൽ മുൻഗണനാ റേഷൻ കാർഡ് ഉപഭോക്താക്കളിൽ നിന്നും ഒരു കിലോഗ്രാം ഭക്ഷ്യധാന്യത്തിന് 2 രൂപ വീതം ഈടാക്കി റേഷൻ കടക്കാരുടെ കമ്മീഷൻ ഇനത്തിൽ കണക്കാക്കി സൂക്ഷിക്കുന്ന രീതി സംസ്ഥാന സർക്കാർ അവസാനിപ്പിച്ച വകയിൽ 2023-24 സാമ്പത്തിക വർഷത്തിൽ കമ്മീഷൻ ശീർഷകത്തിൽ 138.5 കോടി രൂപയും എന്ന രീതിയിൽ ആകെ റൗണ്ട് ചെയ്ത് 283 കോടി രൂപ കൂടി അധികമായി ആവശ്യമുണ്ടെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചു. ഒരു ക്വിന്റൽ റേഷൻ സാധനങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കാൻ സംസ്ഥാന സർക്കാരിന് 400 രൂപ ചെലവാകുന്നു. അതിൽ കേന്ദ്രത്തിന്റെ കോൺട്രിബ്യൂഷൻ 35 രൂപ മാത്രമാണ്. കൂടാതെ -03-33-റേഷൻ അരിയുടെയും ഗോതമ്പിന്റെയും ഗതാഗത/കൈകാര്യ ചെലവുകൾ എന്ന ഉപശീർഷകത്തിൽ സപ്ലൈകോയുടെ വാതിൽപ്പടി വിതരണത്തിനുള്ള ഗതാഗത ചെലവിനത്തിലും സംഭരണശാലകളുടെ വാടകയിനത്തിലും റേഷൻ അരിയുടെയും ഗോതമ്പിന്റെയും ഗതാഗത/കൈകാര്യ ചെലവുകൾക്കുമായി 10.06 കോടി രൂപ അധികമായി ആവശ്യമുണ്ടെന്നും ആയതിനാൽ 2408-01-101-94-02-33, 2408-01-101-94-03-33 എന്നീ ഉപശീർഷകങ്ങളിൽ യഥാക്രമം 283 കോടി രൂപ, 10.06 കോടി രൂപ വീതം ആകെ 293.06 കോടി രൂപ അധികമായി വകയിരുത്തണമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ സമിതി യോഗത്തിൽ ആവശ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 293.06 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2408-01-102-99-33—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇൻറർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് - സബ്സിഡികൾ

പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള വിപണിയിടപെടൽ പദ്ധതി പ്രകാരം 14 ഇനം അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. സർക്കാരിന്റെ പ്രഖ്യാപിത നയം അനുസരിച്ച് നിലവിലെ ഭരണകാലയളവിൽ അവശ്യസാധനങ്ങളുടെ സബ്സിഡി വിലകളിൽ വർദ്ധനവ് അനുവദനീയമല്ല. അതേ സമയം അവയുടെ വാങ്ങൽ നിരക്കുകളിൽ ഓരോ വർഷവും ഗണ്യമായ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. എന്നാൽ സബ്സിഡി വില വർദ്ധിപ്പിക്കാത്തതിനാൽ സബ്സിഡി വിതരണം മൂലമുള്ള നഷ്ടം കൂടിക്കൂടി വരികയാണ്. നിലവിൽ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിൽപ്പന നടത്തിയ വകയിൽ പ്രതിമാസം ശരാശരി 40 കോടി രൂപയുടെ നഷ്ടം സപ്ലൈകോയ്ക്ക് ഉണ്ടാകുന്നുണ്ട്. ആയതിനാൽ വിപണിയിടപെടൽ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതമായ 190.8 കോടി രൂപ അപര്യാപ്തമായതിനാൽ 349.2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ സമിതി യോഗത്തിൽ ആവശ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 349.2 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2408-01-190-92—സപ്ലൈകോയുടെ വില്പന കേന്ദ്രങ്ങൾ നവീകരിക്കൽ

സപ്ലൈകോ ഔട്ട്‌ലെറ്റ് നവീകരത്തിന് 10 കോടി രൂപ, ERP സംവിധാനം നടപ്പാക്കലിന് 5.19 കോടി രൂപ എന്ന രീതിയിൽ ആകെ 15.19 കോടി രൂപയുടെ ബഡ്ജറ്റ് പ്രൊപോസൽ സമർപ്പിച്ചെങ്കിലും ഔട്ട്‌ലെറ്റ് നവീകരണത്തിനുള്ള 10 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നും സപ്ലൈകോ ERP സംവിധാനം നടപ്പാക്കുന്നതിന്റെ അന്തിമ ഘട്ടത്തിലായതിനാലും 2023-24 സാമ്പത്തിക വർഷം തന്നെ പദ്ധതി പൂർത്തീകരിക്കേണ്ടതിനാലും ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 5.19 കോടി രൂപ അധികമായി അനുവദിക്കണമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ സമിതി യോഗത്തിൽ ആവശ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 5.19 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശചെയ്യുവാൻ സമിതി തീരുമാനിച്ചു.

3456-00-001-78—<u>ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)</u>

ഈ ശീർഷകത്തിൽ നിലവിൽ 22.04 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനായി ബയോമെട്രിക് ഡിവൈസസ് ആൻഡ് ഇ-പോസ് മെഷീൻസ് എന്ന കമ്പോണന്റിൽ സിം ചാർജസ്, തെർമൽ പേപ്പർ എന്നീ ഇനങ്ങൾക്കായി 1.15 കോടി രൂപയും NFSA ഗോഡൗണുകൾക്കായുള്ള വെയിങ് മെഷീൻ, ജനറേറ്റർ, കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും, സി.സി-ടി.വി, ജി.പി.എസ് ബേസ്ഡ് ട്രാക്കിംഗ് സിസ്റ്റം എന്നീ കമ്പോണന്റുകളിൽ 1.15 കോടി രൂപയും ഉൾപ്പെടെ ആകെ 2.3 കോടി രൂപ അധികമായി ആവശ്യമുണ്ടെന്നും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ സമിതിയെ അറിയിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 2.3 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

4408-02-101-99—<u>ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)</u>

2023-24 സാമ്പത്തിക വർഷം സപ്ലൈകോ ചുമതലയിൽ ഗോഡൗണുകൾ നിർമ്മിക്കുന്നതിന് 10 കോടി രൂപയും സിവിൽ സപ്ലൈസ് നിർമ്മിക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന 4 NFSA ഗോഡൗണുകൾ നിർമ്മിക്കുന്നതിന് ഒരു ഗോഡൗണിന് 5 കോടി രൂപ എന്ന ക്രമത്തിൽ 20 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നതായും പ്രസ്തുത ആവശ്യത്തിനായി ഈ ശീർഷകത്തിൽ നിലവിൽ അനുവദിച്ച 23.08 കോടി രൂപ അപര്യാപ്തമാണെന്നും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണർ സമിതിയെ അറിയിക്കുകയും ബഡ്ജറ്റ് വിഹിതത്തിനു പുറമെ 6.92 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതിയോട് ആവശ്യപ്പെടുകയും ചെയ്തു. ആയതിനാൽ ഈ ശീർഷകത്തിൽ 6.92 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

**സമിതി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട സഹകരണ വകുപ്പുമായി ബന്ധപ്പെട്ട XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും ചുവടെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.**

2425-00-001-90—<u>സഹകരണ പ്രചാരണത്തിനുള്ള സഹായം</u>

സഹകരണ എക്സ്പോ 2024 നടത്തുന്നതിനായി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ച തുക അപര്യാപ്തമാണെന്നും 75 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്നും സഹകരണവകുപ്പ് സെക്രട്ടറി സമിതിയോട്

ആവശ്യപ്പെട്ടു. കഴിഞ്ഞ സാമ്പത്തിക വർഷം സഹകരണ എക്സ്പോയുടെ നടത്തിപ്പിനായി എത്ര തുകയാണ് ചെലവായിട്ടുള്ളതെന്ന് സമിതി ചെയർമാൻ ആരാഞ്ഞപ്പോൾ സഹകരണപ്രസ്ഥാനങ്ങളും സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് യൂണിയനുകളും നൽകുന്ന സംഭാവനകൂടി ഉപയോഗിച്ചാണ് സഹകരണ എക്സ്പോ വിപുലമായി സംഘടിപ്പിക്കുന്നതെന്നും ചെലവായ തുക സംബന്ധിച്ച കൃത്യമായ കണക്ക് സമിതിക്ക് ലഭ്യമാക്കുമെന്നും സഹകരണവകുപ്പ് സെക്രട്ടറി പറഞ്ഞു. സഹകരണ എക്സ്പോയുടെ നടത്തിപ്പിനായി 75 ലക്ഷം രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2425-00-101-91—<u>സഹകരണ ഓഡിറ്റ് ഡയറക്ടറേറ്റിന്റെയും ജില്ലാ ഓഫീസുകളുടെയും നവീകരണവും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും</u>

സഹകരണ ഓഡിറ്റ് കാലത്തിനനുസരിച്ച് മാറ്റുന്നതിനായി ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിനും, പുതിയ രീതികളും സാങ്കേതിക വിദ്യകളും സ്വായത്തമാക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക ദൗത്യസേനയുടെ രൂപീകരണം, ഐ.റ്റി ഓഡിറ്റ് സെൽ സ്ഥാപിക്കൽ, ലാപ്ടോപ്പ്, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, ഓഡിറ്റ് വിഭാഗത്തിലെ ജീവനക്കാർക്കുള്ള പരിശീലനം, സംസ്ഥാനത്തുടനീളമുള്ള ആഡിറ്റ് ആഫീസുകളുടെ നവീകരണം, അടിസ്ഥാന സൗകര്യ വികസനം, ജില്ലാ ആഫീസുകൾക്കും ആഡിറ്റ് ഡയറക്ടറേറ്റിനുമായി വാഹനങ്ങൾ പാട്ടത്തിനെടുക്കൽ/വാടകയ്ക്കെടുക്കൽ എന്നീ ആവശ്യങ്ങൾക്ക് 2425-00-101-91 എന്ന ശീർഷകത്തിൽ 3.15 കോടി രൂപ, 4425-00-001-97 എന്ന ശീർഷകത്തിൽ 1.85 കോടി രൂപ എന്നിങ്ങനെ ആകെ അനുവദിച്ച 5 കോടി രൂപ അപര്യാപ്തമായതിനാൽ 2425-00-101-91 എന്ന ശീർഷകത്തിൽ 4.034344 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സഹകരണവകുപ്പ് സെക്രട്ടറി സമിതിയോട് ആവശ്യപ്പെട്ടു. ആയതിനാൽ 2425-00-101-91 എന്ന ശീർഷകത്തിൽ 4.034344 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2425-00-108-47-35—<u>പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുള്ള സഹകരണ അക്കാഡമിക്കുള്ള (CAPE) ധനസഹായം-മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം</u>

കോ-ഓപ്പറേറ്റീവ് അക്കാഡമി ഫോർ പ്രൊഫഷണൽ എഡ്യൂക്കേഷന് (CAPE) കീഴിലുള്ള പുന്നപ്രയിലെ സാഗര ആശുപത്രിയുടെ നവീകരണത്തിന്റെ ഭാഗമായി ആശുപത്രിയിലെ പഴയ ഉപകരണങ്ങൾ പുനസ്ഥാപിക്കൽ, CATH Lab, Super

Speciality Facilities എന്നിവയുടെ നിർമ്മാണം എന്നീ ആവശ്യങ്ങൾക്ക് ഈ ശീർഷകത്തിൽ അനുവദിച്ച 6.05 കോടി രൂപ അപര്യാപ്തമാണെന്നും 5 കോടി രൂപ കൂടി ആവശ്യമാണെന്നും സഹകരണവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2425-00-108-42—പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള സഹായം

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനായുള്ള പുനർജനി പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷന് സബ്സിഡി അനുവദിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതമായ 5.6 കോടി രൂപ അപര്യാപ്തമായതിനാൽ 6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സഹകരണവകുപ്പ് സെക്രട്ടറി സമിതിയോട് ആവശ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 6 കോടി രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2425-00-108-31—വനിതാ സഹകരണ സംഘങ്ങൾക്കും വനിതാഫെഡിനുമുള്ള ധനസഹായം

വനിതാ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 2022-23 സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമായതിനാൽ 161.60 ലക്ഷം രൂപയുടെ 23 പ്രൊപ്പോസലുകൾക്ക് ഈ ശീർഷകത്തിൽ നിന്ന് തുക അനുവദിക്കുന്നതിന് സാധിക്കാതെ വന്നു. ആയതിനാൽ 2023-24 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സഹകരണവകുപ്പ് സെക്രട്ടറി സമിതിയോട് ആവശ്യപ്പെട്ടു. പുനർജനി പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതോടൊപ്പം ആയത് മോണിറ്റർ ചെയ്യാനും നടപടി സ്വീകരിക്കണമെന്ന് ബഹു.അംഗം അഭിപ്രായപ്പെട്ടു. പുനർജനി പദ്ധതിയിൽ ആസൂത്രണവും വിലയിരുത്തലും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സഹകരണവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

<u>അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് ഫണ്ട്</u>

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രകാരം പദ്ധതിയിതര വിഭാഗത്തിൽ കാർഷികോൽപാദന ചെലവ് സമാശ്വാസ പദ്ധതിയുടെ ശീർഷകത്തിൽ (2425-107-93) 4.8 കോടി രൂപ വകയിരുത്തുകയും തുക പൂർണ്ണമായി ചെലവഴിക്കുകയും ചെയ്തിരുന്നു. ടി ഇനത്തിൽ സംഘങ്ങൾക്ക് നൽകേണ്ടതിലേക്കായി 2023-24 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ 1.3074419 കോടി രൂപ അനുവദിക്കണമെന്ന് സഹകരണവകുപ്പ് സെക്രട്ടറി സമിതിയോട് ആവശ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത ശീർഷകത്തിൽ 1.3074419 കോടി രൂപ ധനപുനർവിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തുന്നതിന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 21-02-2023-ന് ചേരുവാൻ തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.00 മണിക്ക് അവസാനിച്ചു.

## 21-2-2023-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2023 ഫെബ്രുവരി 21-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ 4 എ സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർമാൻ ബഹു. സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ വീഡിയോ കോൺഫറൻസിലൂടെ അദ്ധ്യക്ഷത വഹിച്ച പ്രസ്തുത യോഗത്തിൽ എക്സ് ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിൽ സന്നിഹിതനായിരുന്നു. യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. അബ്ദുൽ ഹമീദ് പി., എം.എൽ.എ. (ഗൂഗിൾ മീറ്റ് മുഖേന)
2. ശ്രീ. ആന്റണി ജോൺ., എം.എൽ.എ. (ഗൂഗിൾ മീറ്റ് മുഖേന)
3. ശ്രീ. സജീവ് ജോസഫ്, എം.എൽ.എ. (ഗൂഗിൾ മീറ്റ് മുഖേന)
4. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,എം.എൽ.എ. (ഗൂഗിൾ മീറ്റ് മുഖേന)
5. ശ്രീമതി കെ.കെ.ശൈലജ ടീച്ചർ, എം.എൽ.എ. (ഗൂഗിൾ മീറ്റ് മുഖേന)
6. ശ്രീ. ജി.സ്റ്റീഫൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. മാത്യുക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി

2. ശ്രീ. എം. എസ്. അൻവർ സുൽത്താൻ, അണ്ടർ സെക്രട്ടറി.

സമിതി, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം രാവിലെ 11.45-ന് അവസാനിച്ചു.